
**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

# നവോത്ഥാനജാഥ

**2017**

**ജനുവരി 16 – ഫെബ്രുവരി 28**




## കലാജാഥയിൽ അവതരിപ്പിക്കുന്ന പരിപാടികളുടെ സ്ക്രിപ്റ്റ്

| | |
|---|---|
| മലയാളം | Malayalam |
| കലാജാഥാ സ്ക്രിപ്റ്റ് | Kalajadha Script |
| ഒന്നാം പതിപ്പ്<br>ജനുവരി 2017 | First Edition<br>January 2017 |
| പ്രസാധനം, വിതരണം :<br>കേരള ശാസ്ത്രസാഹിത്യ പരിഷത്ത്<br>തൃശ്ശൂർ - 680004 | Published & Distributed by :<br>Kerala Sasthra Sahithya Parishath<br>Thrissur - 680004 |
| ഇ-മെയിൽ :<br>publicationkssp@gmail.com | E-Mail :<br>publicationkssp@gmail.com |
| അച്ചടി :<br>തെരേസ്സ ഓഫ്സെറ്റ് പ്രസ്സ്<br>അങ്കമാലി | Printed at :<br>Theressa Offset press<br>Ankamali |

വില : 20.00

KSSP 2231 I E Jan 2017 Dy1/8 2K 2000 LL 1/17

## 1. സയൻസ് ദശകം
**രചന : സഹോദരൻ അയ്യപ്പൻ**

കോടിസൂര്യനുദിച്ചാലു-
മൊഴിയാത്തൊരു കൂരിരുൾ
തുരന്നു സത്യം കാണിക്കും
സയൻസിന്നു തൊഴുന്നു ഞാൻ.

വെളിച്ചം,മിന്നൽ,ചൂടൊ,ച്ച-
യിവയ്ക്കുള്ളിൽ മറഞ്ഞിടും
അത്ഭുതങ്ങൾ വെളിക്കാക്കും
സയൻസിന്നു തൊഴുന്നു ഞാൻ.

ഇരുട്ടുകൊണ്ടു കച്ചോടം
നടത്തുന്ന പുരോഹിതൻ
കെടുത്തീട്ടും കെടാതാളും
സയൻസിന്നു തൊഴുന്നു ഞാൻ.

കീഴടക്കി പ്രകൃതിയെ
മനുഷ്യന്നുപകർത്രിയായ്
കൊടുപ്പാൻ വൈഭവം പോന്ന
സയൻസിന്നു തൊഴുന്നു ഞാൻ.

കൃഷി, കൈത്തൊഴിൽ, കച്ചോട,
രാജ്യഭാര,മതാദിയെ
പിഴയ്ക്കാതെ നയിക്കുന്ന
സയൻസിന്നു തൊഴുന്നു ഞാൻ.

ബുക്കുകൾക്കും പൂർവികർക്കും
മർത്ത്യരെ,ദ്ദാസരാക്കീടും
സമ്പ്രദായം തകർക്കുന്ന
സയൻസിന്നു തൊഴുന്നു ഞാൻ.

അപൗരുഷേയവാദത്താൽ
അജ്ഞവഞ്ചന ചെയ്തീടും
മതങ്ങളെ തുരത്തുന്ന
സയൻസിന്നു തൊഴുന്നു ഞാൻ

സ്വബുദ്ധിവൈഭവത്താൽതാൻ
ഉണർത്തിനരജാതിയെ
സ്വാതന്ത്ര്യാൽകൃഷ്ടരാക്കുന്ന
സയൻസിന്നു തൊഴുന്നു ഞാൻ.

എത്രതന്നെയറിഞ്ഞാലു-
മനന്തമറിവാകയാൽ
എന്നുമാരായുവാൻ ചൊല്ലും
സയൻസിന്നു തൊഴുന്നു ഞാൻ.

സയൻസാൽ ദീപ്തമീ ലോകം
സയൻസാലഭിവൃദ്ധികൾ
സയൻസെന്യേ തമസ്സെല്ലാം
സയൻസിന്നു തൊഴുന്നു ഞാൻ.

**2**

## ശീലക്കുട

**(രചന : ശ്രീ.സുരേഷ്ബാബു ശ്രീസ്ഥ)**

*മഴ പെയ്യുന്നു. ഒരു പെൺകുട്ടി കുടയുമായി വരുന്നു. കുട നിവർത്തുന്നു. സന്തോഷം. കുടകളുമായി ആളുകൾ വരുന്നു. ഇടി വെട്ടുന്നു. എറമുള്ളാൻ നന്നാക്കാനുള്ള കുടകളുമായി വരുന്നു. കയ്യിലുള്ള കുടകൾ ആളുകൾ എറമുള്ളാനെ ഏൽപ്പിക്കുന്നു. തിരിച്ചുപോകുന്നു.*

**എറമുള്ളാൻ :** എടവപ്പാതിയല്ലേ വരണേ. മഴയിങ്ങനെ പെയ്യട്ടേ.. വൈകുന്നേരമാവുമ്പോഴേക്കും പൊരേല്ക്ക് അരി മേടിയ്ക്കാള്ള കായ് കിട്ടൂലോ....

*(ധൃതിയിൽ നടന്നുവരുന്ന മീൻകാരൻ ഖാദർ)*

**ഖാദർ :** എറമുള്ളാനിക്കാ, ദേ ഇത് ബെക്കം നന്നാക്കിയേ... ഇത്തിരി വെപ്രാളണ്ട്... ഒരു വില്ലേ പൊട്ടീട്ടുള്ളൂ.. പുതിയ കുടയാ....

**എറമുള്ളാൻ :** ഖാദറേ.. ഇതാ അന്റെ പുതിയ കുട... അന്റെ ഉപ്പൂപ്പാനേക്കാളും പ്രായണ്ടല്ലോടോ ഇതിന്

**ഖാദർ :** നിങ്ങള് തമാശ പറഞ്ഞ് നിക്കാണ്ട് ബെക്കം കുട നന്നാക്ക് എറമുള്ളാനിക്ക..

**എറമുള്ളാൻ :** അതെന്താ ഖാദറേ.. ഇന്നൊരു തിരക്ക്..? ഞീ ഇന്ന്

മീൻ കച്ചോടത്തിന് പോയിറ്റില്ലേ ...?
**ഖാദർ :** *(ക്ഷീണിച്ച ശബ്ദത്തിൽ)* ഒന്നും പറയണ്ടെന്റെ എറമുള്ളാനിക്കാ.. ബല്ലാത്ത ഒരു ബേജാറിലാ ഞമ്മളിപ്പം..
**എറമുള്ളാൻ :** അത് എന്ത്ന്നേനും ഖാദറേ..?
**ഖാദർ :** മ്മടെ അയിശു മോൾടെ ആറാമത്തെ കുട്ടീലേ റഹിയാനത്ത്.. ഓള് മെഡിക്കൽ കോളേജാശുപത്രീലാ. ലേശം ബെശമാ കാര്യങ്ങള്ന്നാ ഡാക്കിട്ടറ്മാര് പറഞ്ഞത്..
**എറമുള്ളാൻ :** ന്റെ റബ്ബേ .. അത് എന്ത്ന്നേനും.. എന്ത്ന്നാ ആ മോൾക്ക് പറ്റ്യത് ..?
**ഖാദർ :** ആദ്യം ഒരു പനീം തൊണ്ടവേദനേം മാത്രേ ഉണ്ടായിരുന്നുള്ളൂ.. കുരുമുളക് കശായോം ഉപ്പുവെള്ളം കവിളലും ഒക്കെ ചെയ്തിട്ടും ഒരു ഭേദമില്ലാഞ്ഞിറ്റാ ധർമ്മാസ്പത്രീല് കാട്ടീത്.. ആട്ത്തെ ഡാക്കിട്ടറാ മെഡിക്കൽ കോളേജില്ക്ക് കൊണ്ടോവാൻ പറഞ്ഞത് *(നിശ്വാസത്തോടെ)* ആയിശ ഒറ്റക്കേ ള്ളൂ ആശുപത്രീല്...ആ പെണ്ണിനാച്ചാ  അത്രയ്ക്കുള്ള ആരോഗ്യല്ലേ ഉള്ളൂ...
**എറമുള്ളാൻ :** ആറ് പേറ്..! അതും അടുത്തടുത്ത്.. ചെറിയ ഒരു മോളല്ലേ ഓള്.. ആറെണ്ണത്തിനെ പോറ്റുന്ന കഷ്ടപ്പാടിന്നെടേല് മക്കളെ ചെറിയ പനീം സൂക്കേടും ഒന്നും കണ്ടില്ലാന്ന് ബെച്ച്ട്ട്ണ്ടാവും ഇല്ലേ..?
**ഖാദർ :** പക്ഷെങ്കില്.. പെട്ടില്ലേ എറമുള്ളാനിക്കാ.. രണ്ടറ്റോം കൂട്ടിമുട്ടിക്കാൻ പാട് പെടാ ഓൾടെ പുയ്യാപ്ല... ദുബായിലാ.. റഹിയാനത്തിന് മൂന്നുവയസ്സുള്ളപ്പോ പോയതാ ഓൻ...
**എറമുള്ളാൻ :** ആട്ടെ.. റഹിയാനത്തിന്റെ സൂക്കേടിന്റെ കാര്യം എന്തേലും പറഞ്ഞിനാ ഡാക്കിട്ടറ്..
**ഖാദർ :** ഈഒട്യ്യോന്നും അധികം കാണാത്ത ഒരു സൂക്കേടാന്നാ.. വായിലെ തൊണ്ടേല് ഒരു പാട വന്ന് നെറഞ്ഞിരിക്ക്ണ്ന്ന്. തൊണ്ടമുള്ള്ന്നാ സൂക്കേടിന്റെ പേര്ന്ന്.. ഒന്നൂടി പറഞ്ഞാല് ഡിഫ്ത്തീരിയാന്ന്
**എറമുള്ളാൻ :** ഡിഫ്ത്തീരിയാ
**ഖാദർ :** എറമുള്ളാനിക്കാ എന്തെല്ലാം സൂക്കേടുകളാ ഈ ദുനിയാവില്..
**എറമുള്ളാൻ :** അപ്പം ഖാദറേ, റഹിയാനത്തിന് ഞീ കുഞ്ഞുങ്ങള്ക്കള്ള കുത്തിവെപ്പൊന്നും ബെച്ചിറ്റില്ലേ? ബല്യ പുരോഗമനം പറേന്നോനാണല്ലോ ഞീ?
**ഖാദർ :** *(മടിയോടെ)* കുഞ്ഞുങ്ങള്ക്ക് കുത്തിവെക്കണംന്ന് ഉപ്പൂപ്പാ മാത്രം ബിജാരിച്ചാ പോരല്ലോ എറമുള്ളാനിക്കാ..

**എറമുള്ളാൻ :** ഖാദറേ..??

**ഖാദർ :** അതേ എറമുള്ളാനിക്കാ.. സംഗതികള് അങ്ങിനെയൊക്കെയാ..അയശൂന്റെ പുയ്യാപ്ല ബശീറ്.. ഓൻ ഓളോട് ഗൾഫീന്ന് ഫോണില് പറയും അയ്ശൂ, ഒരു കുത്തിവെപ്പും കുട്ട്യോൾക്ക് എടുത്തുപോകര്ത്ന്ന്.. അതോണ്ട് ഒരു മക്കൾക്കും ഒരു കുത്തിവെപ്പും കൊടുത്തിട്ടില്ല. പുയ്യാപ്ല പറേന്നതല്ലേ ഓക്ക് കേക്കാൻ പറ്റൂ..

**എറമുള്ളാൻ :** അതെന്തിനാ ഖാദറേ.. ഓൻ അങ്ങനൊക്കെ പറീന്നത്..?

**ഖാദർ :** ഈ കുത്തിവെപ്പ്ന്ന് പറീന്നതൊക്കെ തട്ടിപ്പാന്ന്.. ഞമ്മടെ മക്കൾക്ക് കുട്ട്യോള് ജനിക്കാണ്ട് നിക്കാൻ ബേണ്ടി നടത്തുന്ന ഒരു സൂത്രപ്പണിയാ ഇത്ന്ന്.. സൂക്കേടിനെ തടയാൻ ഈ മരുന്നുകൾക്കൊന്നും കയ്യൂലാന്ന്... ആടെ ഒന്നും ആരും ഇതൊന്നും കൊടുക്കാറില്ലാന്ന്..

**എറമുള്ളാൻ :** ഖാദറേ, എന്ത് അറാമ്പറപ്പാ അന്റെ ഓൾടെ പുയ്യാപ്ല പറീന്നത്? ഗൾഫ് നാട്ടിലും വിദേശത്തും മിക്ക സ്ഥലങ്ങളിലും ഞമ്മളെ മക്കളെ കേറ്റണേങ്കില് അയിറ്റക്ക് കുത്തിവെച്ചൂന്ന്ള്ള തെളിവ്ണ്ടായേ പറ്റൂ; പിന്നെ അറബിനാട്ടില് കുത്തിവെക്കണ്ടാന്ന് പറീന്നത് ബെറ്തെയാ. ഇമ്മള് ഹജ്ജിന് പോവുമ്പം വാക്സിൻ എടുത്തിട്ടില്ലെങ്കില് അങ്ങോട്ട് പോവാൻ അറബ്യോള് സമ്മതിക്കോ? കുത്തിവെപ്പ് എടുത്ത സർട്ടിഫിക്കറ്റ് കാട്ട്യാലേ ഉംറക്ക് പോലുംപോവാൻ ഞമ്മക്ക് പറ്റൂ.. അതിലും വലിയ ഏത് തെളിവാ ഖാദറേ ഈ ദുന്യാബില് ഞമ്മക്ക് വേണ്ടത്? കാര്യങ്ങള് അറീല്ലെങ്കില് മുണ്ടാണ്ടിരിക്ക്യാ; അറിവുള്ളോര് പറീന്നത് കേൾക്ക്വാ.. അല്ലാതെ അറിവ്കേട് ഒരു ആയുധമാക്കരുത്..

**ഖാദർ :** കാര്യങ്ങള് ഞമ്മക്കും അറിയാ...

**എറമുള്ളാൻ :** പിന്നെന്തിനാ പേടി?*(നന്നാക്കിയ കുട ഉയർത്തിപ്പിടിച്ച്)* ദാ ഖാദറേ, നോക്ക് ഈ കൊടേന്റെ വില്ലുകള് ശരിക്കും ഒറയ്ക്കണമെങ്കില് ഏറ്റവും അടീലെ ഈ കമ്പിക്കെട്ട് ശക്താവണം; അതുപോലെയാ ഞമ്മടെ മക്കൾടെ ആരോഗ്യവും. അത് ശരിക്കും ഒറയ്ക്കണങ്കില് കുത്തിവെപ്പ്ന്ന ശക്തമായ കെട്ട് ശരീരത്തിലെ നാഡീഞരമ്പുകൾക്കുണ്ടാവണം. എന്നാലേ മക്കൾടെ ആരോഗ്യം ഉറയ്ക്കൂ.. *(കുട കൊടുക്കുന്നു)* ദാ.. പിടി അന്റെ കുട..

**ഖാദർ :** എന്നാല് ഞമ്മള് പൊയ്ക്കോട്ടെ.. ബസ്സിപ്പം ബരും.. *(പോകുന്നു.. പെട്ടെന്ന് തിരിച്ച് വന്ന്)*കായ് തരാൻ ഞമ്മള് മറന്നു.

**എറമുള്ളാൻ :** ഖാദറേ.. നീ ആശുപത്രീലേക്കല്ലേ പോണേ.. ചെന്ന്

അവടത്തെ കാര്യങ്ങള് നോക്ക്.. കായ് ഞമ്മള് പിന്നെ വാങ്ങി ക്കോളാം.. ആ പിന്നെ ഒരു കാര്യം കൂടി.. പറ്റുമെങ്കില് ഓനോട് ഒന്നൂടി ബിളിച്ച് പറ. കുഞ്ഞുമക്കൾക്കറീലാലോ അയ്റ്റിക്കിപ്പം കുത്തിവെക്കേണ്ട പ്രായാന്ന്.. അത് പെറ്റ ഉമ്മാന്റേം ബാപ്പാന്റേം ഉത്തരവാദിത്താ..അവരുടെ മാത്രം ഉത്തരവാദിത്തം... *(എറമുള്ളാൻ സ്വയം)* കണ്ടില്ലേ.. ഇതാണ് ഇപ്പം ഈ ദുനിയാവ്..

*(വേദിയിലേക്ക് ഒരു അനൗൺസ്മെന്റ് ജീപ്പ് കടന്നുവരുന്നു.)*

**അനൗൺസ്മെന്റ് :** പ്രിയമുള്ള നാട്ടുകാരേ.. ആരോഗ്യവകുപ്പിന്റെ അറിയിപ്പ്.. നിങ്ങളുടെ കുഞ്ഞുങ്ങളെ മാരകരോഗങ്ങളിൽ നിന്നും രക്ഷപ്പെടുത്തുവിൻ. കുഞ്ഞുങ്ങൾക്ക് യഥാസമയം കുത്തിവെപ്പുകൾ എടുത്തുകൊണ്ട് നിങ്ങളുടെ പൊന്നോമനകളുടെ ജീവൻ രക്ഷി ക്കുക.. ഈ കുത്തിവെപ്പുകൾ എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നതാണ്... പ്രിയമുള്ള നാട്ടുകാരേ...

*(അത് എറമുള്ളാൻ നോക്കി നിൽക്കവേ ആ അനൗൺസ്മെന്റിനെ നോക്കിക്കൊണ്ട് വേദിയിലേക്ക് കടന്നുവരുന്ന ലോകേന്ദ്രനാഥൻ)*

**ലോകേന്ദ്രനാഥൻ :** അസംബന്ധം. അസംബന്ധമാണിത്. ചിന്തയു ടേയും ബോധശീലങ്ങളുടേയും തലച്ചോറുകൾ അടിമകളെപ്പോലെ ആർക്കുമുന്നിലും അടിയറ വെക്കരുത്. കോടാനുകോടി വർഷങ്ങ ളിലൂടെ ഒരു ജനതയാർജിച്ച സ്വത്വബോധത്തിനെതിരെയുള്ള ഭരണ കൂടത്തിന്റെ നിഗൂഢമായ കടന്നുകയറ്റമാണിത്. സ്റ്റേറ്റിന്റെ അധീ ശത്വം. നമ്മൾ ആരുടെയും പിണിയാളുകളല്ല. അതുകൊണ്ട് തിര സ്കരിക്കുക. യുഗാന്തരങ്ങളിലൂടെ പ്രകൃതി നൽകിയ ആവേഗ ത്തിന്റെ കരുത്തിൽ *(കുടയെടുത്ത്)* സ്വയം രക്ഷാകവചം തീർക്കുക.

**എറമുള്ളാൻ :** *(കുട വാങ്ങി)* നാരായണേട്ടന്റെ കുടയാ. അതിന്റെ മോളില് രക്ഷാകവചം തീർക്കണ്ട.

**ലോകേന്ദ്രനാഥൻ :** മനസ്സിലായില്ലേ.. മനസ്സിലായില്ലേ..

**എറമുള്ളാൻ :** എന്ത് മനസ്സിലായില്ലേന്ന്. എടോ. മനുശന് തിരീന്ന ഭാശേല് പറഞ്ഞാ ഞമ്മക്കും തിരീം. മാളോർക്കും തിരീം. പറ എന്താ അന്റെ പ്രശ്നം?

**ലോകേന്ദ്രനാഥൻ :** ഞാൻ ഡോക്ടർ ലോകേന്ദ്രനാഥൻ.

**എറമുള്ളാൻ :** അതാണോ അന്റെ പ്രശ്നം? ആട്ടെ ഏയിന്റെ ഡോക്ടറാ സാറ്?

**ലോകേന്ദ്രനാഥൻ:** രോഗികളെ ചികിത്സിക്കുന്നവരെല്ലാം ഡോക്ടർ മാരാണ്. അതുകൊണ്ട് ഞാനും ഒരു ഡോക്ടറാ.

**എറമുള്ളാൻ :** അതോണ്ട് മാത്രം നിങ്ങളും ഒരു ഡോക്ടറാണ്

അല്ലേ.. അല്ലാണ്ട് കഷ്ടപ്പെട്ട് പഠിച്ച് ഡോക്ടറായതല്ലാലേ... ആയിക്കോട്ടെ..ഇപ്പെന്താ സംഗതീന്ന് തിരീന്നവർക്ക് തിരിയും... അതു പോട്ടേ... ഈ തിരിയാത്ത ഭാശേല് ആശുപത്രി ബണ്ടി നോക്കി പറഞ്ഞത് ഞമ്മക്ക് തിരിഞ്ഞില്ല.. എന്തേനും ശംഗതി.. ?

**ലോകേന്ദ്രനാഥൻ :** ഈ വാക്സിനേഷനുകളെല്ലാം കാപട്യമാണ്.... തട്ടിപ്പാണ് ...

**എറമുള്ളാൻ :** എന്നു പറഞ്ഞാ...?

**ലോകേന്ദ്രനാഥൻ :** ഒരു കുത്തിവെപ്പും നൽകരുത്. പ്രകൃതി സ്വയം രക്ഷാകവചം ഓരോ ജീവിക്കും തീർത്ത് വെച്ചിട്ടുണ്ട്.

**എറമുള്ളാൻ :** ഓ.. അങ്ങനെയാണോ.. ? ഒരു കുത്തിവെപ്പും വേണ്ടാന്നാണോ ഡാക്കിട്ടറ് പറയുന്നത്.. ?

**ലോകേന്ദ്രനാഥൻ :** അതെ.. അതു മാത്രമാണ് ഞാൻ പറയുന്നത്..

**എറമുള്ളാൻ :** അപ്പം പിന്നെ അന്റെ ഭാര്യേന്റെ പേറിന്റെ സമയത്ത് ഞീ ഓളെ കുത്തിവെപ്പിക്കാൻ കൊണ്ട് പോയതോ..? എല്ലാ ഗർഭിണികൾക്കും കൊടുക്കുന്ന രണ്ട് ടീടീ ഞി അന്റോള്ക്ക് കൊണ്ട് വച്ചിറ്റില്ലേ..?

**ലോകേന്ദ്രനാഥൻ :** അത് അവൾക്ക്... മാതൃത്വം മഹത്തായ ഒരു കാര്യമാണ്.. ഉൽപ്പത്തി.

**എറമുള്ളാൻ :** അത് ഉൽപ്പത്തി. അത് ഞമ്മള് സമ്മതിച്ചു. അപ്പോ കഴിഞ്ഞായ്ച്ച അന്നെ ആ അങ്ങാടീന്ന് പെരാന്തൻ നായ കടിച്ചപ്പോ നെലോളിച്ചോണ്ട് ഞീ ധർമ്മാസ്പത്രീ പോയി കുത്തിവെച്ചതോ.. അന്നേരൊക്കെ ഈ പറീണ പണയം വെക്കുന്ന തലച്ചോറ് അനക്ക് ഉണ്ടായിറ്റില്ലേ.. മരുന്നുവിപണീം പ്രകൃതിരക്ഷേം ഉണ്ടായിട്ടില്ലേ.. നീയൊക്കെ രണ്ട് കാലില് നിവർന്നു നിന്ന് വലിയ വായില് പറയുന്നത് മറ്റുള്ളോരൊക്കെ സമയാസമയങ്ങളില് കുത്തിവെച്ച്നേടിയ രോഗപ്രതിരോധശേഷിയുടെ പൊറത്താ.. നിങ്ങക്കൊക്കെ പറയാനെളുപ്പാ.. എല്ലാം എതിർക്കുന്നത് ഒരു ഫാശനല്ലേ. അല്ലേ..?

**ലോകേന്ദ്രനാഥൻ :** *(കുടയെടുത്ത് മറച്ചുപിടിച്ച്)* ഇയാൾ ശരിയാവില്ല. ലേശം വകതിരിവ് ഉള്ള കൂട്ടത്തിലാ.

**എറമുള്ളാൻ :** ആ കുട അവടെ വെക്ക്. ഇനി നീ ഒരക്ഷരം പറഞ്ഞാ അന്റെ തൊലി ഞമ്മള് ഉരിക്കും. ഈനെതിരെ പറയാൻ ആരാണ്ടാ അനക്ക് കായി തന്നേ. ഈ നാട്ടില് നിക്കുമ്പം ഇവിടുത്തെ നിയമങ്ങളും ചട്ടങ്ങളും അനുസരിക്കണം. *(ലോകേന്ദ്രനെ ഓടിക്കുന്നു)* കണ്ടില്ലേ. ഇതാണ് നമ്മുടെ ഇടയിലെ ആളുകള്. ചോര കൊടുക്കാൻ പാടില്ല. കുത്തിവെക്കാൻ പാടില്ല. അത് പാടില്ല. ഇത് പാടില്ല. പെറ്റുമ്മാന്റെ മുലപ്പാലിനേക്കാളും വലുത് തങ്ങള് തുപ്പിയ

വെള്ളാന്ന് കരുതണോര് പാർക്ക്ണ നാടാ ഇത്...

*(അനൗൺസ്മെന്റ് വാഹനം തിരിച്ചുവരുന്നു)*

**എറമുള്ളാൻ :** സാറേ.. ഒന്ന് നിക്കോ.. ഒരു സംശയം ചോദിക്കാനാ...*(ഡോക്ടർ വരുന്നു)* ഇത്രേം നല്ല കാര്യായിട്ടും ആളുകളിൽ ചിലര് എന്തിനാ എപ്പഴും കുത്തിവെപ്പിനെ എതിർക്കണത്? ഇതിന്റെ നേരും പൊടീം എന്താന്ന് അറിയാൻ വേണ്ടി ചോദിക്കാ. ഒന്ന് പറഞ്ഞ് തരീ...

**ഡോക്ടർ :** എറമുള്ളാനിക്കാ... മഹാരോഗങ്ങളിൽ നിന്നും മനുഷ്യനെ എന്നും രക്ഷിച്ചത് മരുന്നുകളും വാക്സിനുകളുമാണ്. അനേകം ഗവേഷണങ്ങളിലൂടെയും പഠനങ്ങളിലൂടെയും കണ്ടെത്തിയ അറിവുകളുടെ അടിസ്ഥാനത്തിൽ ലോകാരോഗ്യസംഘടനയാണ് വാക്സിനേഷന് നേതൃത്വം നൽകുന്നത്. ഇത് ശാസ്ത്രമാണ്. സത്യമാണ്.. അവിടെ അബദ്ധപ്രചരണങ്ങൾക്കും വാക്കുകൾക്കും കാതോർക്കാതെ മനുഷ്യന്റെ നന്മയ്ക്കായി പ്രവർത്തിക്കുക.

**എറമുള്ളാൻ :** ആ ഇപ്പ ഞമ്മക്ക് കാര്യങ്ങള് തിരിഞ്ഞ്. സന്തോശം ഡോക്ടറേ.

*(ഡോക്ടർ പോവുന്നു. ഒരാൾ ഓടി വരുന്നു)*

**ആൾ :** എറമുള്ളാനിക്കാ... ഞമ്മടെ മീൻകാരൻ ഖാദറിന്റെ മോൾടെ മോള് മയ്യത്തായി.

**എറമുള്ളാൻ :** പടച്ചോനേ.. പാവം ഖാദറ് ഇപ്പത്തന്നെ ഇവടന്ന് പോയേ ഉള്ളൂ.. ഓൻ അവടെ എത്തിയോ ആവോ..

**ആൾ :** നിങ്ങള് ബെക്കം വരീ എറമുള്ളാനിക്കാ..

*(സാധനങ്ങളെല്ലാം എടുത്ത് രണ്ടുപേരും വേഗം പോകുന്നു. മരണത്തിന്റെ പശ്ചാത്തലസംഗീതം)*

*(അനന്തരം ഒരു ചെറുപ്പക്കാരൻ നടന്നുവരുന്നു; എറമുള്ളാനും വരുന്നു)*

**എറമുള്ളാൻ :** മോനേതാ.. ഞമ്മക്ക് മനസിലായില്ല..

**ബഷീർ :** ഞാൻ മീൻകാരൻ ഖാദറിക്കാന്റെ മോൾടെ പുയ്യാപ്ല.. ബഷീറ്..

**എറമുള്ളാൻ :** മോനേ ബഷീറേ.. അന്നെ കണ്ടപ്പോ ഇയ്ക്ക് മനസ്സിലായില്ല...

**ബഷീർ :** അതെ എറമുള്ളാനിക്കാ.. വല്യ ഒരു തെറ്റാ ഞാൻ ചെയ്തത്. ന്റെ മോൾക്ക് സമയാസമയം കുത്തിവെപ്പ് നൽകീരുന്നെങ്കില് ഓള് പോവില്ലാർന്നു. *(വിഷമത്തോടെ)* മെഡിക്കൽ കോളേജിലെ വാർഡീന്ന് എനിക്കൊന്ന് ശ്വാസം കഴിക്കണം ഉമ്മാന്ന് പറഞ്ഞ് ശ്വാസം കിട്ടാതെ ന്റെ റഹിയാനത്ത്.. ഒടുക്കം ശ്വാസം കിട്ടാതെ പിടഞ്ഞ് പിടഞ്ഞ്... *(കരയുന്നു)*

**എറമുള്ളാൻ :** മോനേ. കരയാതെ.
**ബഷീർ :** ന്റെ മോൾടെ മരണം തന്ന ആ ബല്യ ദുരന്തത്തിന് മുന്നില് ഞമ്മളെ മനസ്സിലെ ഇത്രേം നാളത്തെ ഇരുട്ടിനു മുന്നില് ഞമ്മള് ആദ്യം ചെയ്തത്. ന്റെ എല്ലാ മക്കൾക്കും കുത്തിവെപ്പ് എടുക്കാന്നുള്ളതായിരുന്നു. അതാ എനിക്കും ഈ ലോകത്തോട് പറയാനുള്ളത്. ഇനിയൊരു റഹിയാനത്ത് കൂടി മയ്യത്താവാതി രിക്കാൻ. രോഗബാധിതനാവാതിരിക്കാൻ. എല്ലാവരും നിങ്ങളുടെ കുട്ടികൾക്ക് സമയാസമയങ്ങളിൽ കുത്തിവെപ്പ് നൽകുക.
**എറമുള്ളാൻ :** കേട്ടില്ലേ. ഈ മോന്റെ നെഞ്ചുരുകുന്ന വാക്കുകള്.. അയിന്റെ പുറത്ത് ഞമ്മക്ക് തീരുമാനിക്കാം.. കുത്തിവെപ്പുകള് എടുക്കാത്ത ഒരു കുഞ്ഞുപോലും ഈ ദുനിയാവില് ഉണ്ടാവരുത്. അത് വഴി ഒരു ബല്യ കിനാവിനൊപ്പം നമ്മക്ക് ചേർന്ന് നടക്കാം.
*(ഡോക്ടറും മറ്റ് ആളുകളും വരുന്നു)*
**ഡോക്ടർ :** രോഗങ്ങളില്ലാത്ത നമ്മുടെ നാട്.. !! ആ സ്വപ്നത്തിനു മുന്നിൽ.. ആ സന്ദേശവുമായി നമുക്ക് നടന്നു തുടങ്ങാം *(കയ്യി ലുള്ള കുട കാണികൾക്ക് അഭിമുഖമായി പിടിക്കുന്നു).*
**എറമുള്ളാൻ :** രോഗങ്ങളുടെ ചാറ്റൽമഴ പെയ്യുന്ന ആകാശത്തിന് താഴെ.. രോഗപ്രതിരോധത്തിന്റെ കുട ചൂടാം...
*(കുട ഉയർത്തുന്നു. പശ്ചാത്തല സംഗീതം)*

**3**

## നന്മകൾ പൂത്തിടട്ടെ
**(രചന : ബി.എസ്.ശ്രീകണ്ഠൻ)**

*ആളുകൾ പത്രം വായിക്കുന്നു.*
**ഒരാൾ :** ടിപ്പർലോറിയിടിച്ച് വിദ്യാർത്ഥി മരിച്ചു.
**മറ്റൊരാൾ :** നിയന്ത്രണം വിട്ട കാർ പുഴയിലേക്ക് മറിഞ്ഞ് നാല് മരണം.
**മറ്റൊരാൾ :** അമിതവേഗത്തിൽ വന്ന ബസ്സിടിച്ച് മധ്യവയസ്ക മരിച്ചു.
**മറ്റൊരാൾ :** നിയന്ത്രണം വിട്ട ബൈക്കിടിച്ച് വഴിയാത്രക്കരൻ ഗുരുതരാവസ്ഥയിൽ.
*(ബൈക്കിടിച്ച് യാത്രക്കാരൻ വീഴുന്നു - സംഘം ഓടി ക്കൂടുന്നു - ആംബുലൻസിന്റെ ശബ്ദം)*
*രംഗം മാറുന്നു*
*(ആശുപത്രി - ബാപ്പുട്ടിയും വാസുട്ടിയും രംഗത്ത്)*

**ബാപ്പുട്ടി :** എന്റെ കുഞ്ഞിനൊന്നും വരുത്തരുതെ പടച്ചോനെ!.. ഇന്നലെ കോളേജില് ലീവായപ്പോ ഉമ്മാനെ കാണാൻ ഓടി വന്നതാ ഓൻ. ചങ്ങാതീനെ കണ്ടിട്ട് വരാം ബാപ്പാന്ന് പറഞ്ഞ് ടൗണിലേക്ക് പോയതാ എന്റെ മോൻ *(കരയുന്നു).*

**വാസുട്ടി :** എന്തുചെയ്യാനൊക്കും ബാപ്പുട്ടിക്കാ. നമുക്ക്? ബൈക്കുകാരൻ കുടിച്ച് ലക്ക് കെട്ടിരുന്നെന്നാ പോലീസുകാർ പറഞ്ഞത്. ഇടിച്ചിട്ട് നിർത്താണ്ട് പോയ അവനെ നാട്ടുകാർ ഓടിച്ചിട്ടാ പിടിച്ചത്.

**ബാപ്പുട്ടി :** ബാപ്പാ നിങ്ങള് റോഡിലിറങ്ങുമ്പം സൂക്ഷിക്കണേന്ന് ഇന്നലെ അവൻ എന്നോട് പറഞ്ഞിട്ടാ പോയത്. എന്നിട്ടിപ്പം എന്റെ മോൻ *(കരയുന്നു).*

**വാസുട്ടി :** ഇങ്ങള് ഒരു കാര്യം ചെയ്യ്. പൊറത്ത് പോയി എന്തെങ്കിലും കഴിച്ചിട്ട് വെരിൻ.

**ബാപ്പുട്ടി :** എന്റെ മോന് ബോധം വീണിട്ട് പോയാ പോരേ വാസൂട്ടി.

**വാസുട്ടി :** ഒക്കെ ശര്യാവും ബാപ്പുട്ടിക്കാ

*(ബാപ്പുട്ടി പുറത്തേക്ക് പോകുന്നു.)*

*(ഡോക്ടർ വരുന്നു - എല്ലാവരും ഡോക്ടറുടെ ചുറ്റും കൂടുന്നു)*

**വാസുട്ടി :** എന്തായി ഡോക്ടർ.. ബോധം വീണോ?

*(ഡോക്ടർ മിണ്ടുന്നില്ല)*

**വാസുട്ടി :** *(വീണ്ടും)* എന്താണ്?

**ഡോക്ടർ :** സോറി. ഐ ആം വെരി സോറി. പേഷ്യന്റിന്റെ ഇഞ്ചുറി തലക്കാണ്. ബ്രയിൻ ഡാമേജ്ഡ് ആണ്.

**വാസുട്ടി :** എന്നു വച്ചാൽ

**ഡോക്ടർ :** ആൾ വെന്റിലേറ്ററിന്റെ സഹായത്താലാണ് ജീവിക്കുന്നത്.

**വാസുട്ടി :** മനസ്സിലായില്ല ഡോക്ടർ.

**ഡോക്ടർ :** പേഷ്യന്റിന്റെ മസ്തിഷ്കമരണം സംഭവിച്ചുകഴിഞ്ഞിരിക്കുന്നു.

*(ഡോക്ടർ അകത്തേക്ക് പോകുന്നു. എല്ലാവരും മുഖത്തോടു മുഖം നോക്കുന്നു. ഡോക്ടർ വീണ്ടും വരുന്നു)*

**ഡോക്ടർ :** *(വാസൂട്ടിയോട്)* ആ നിങ്ങൾ വരൂ. എനിക്ക് ഒരു പ്രധാന കാര്യം പറയാനുണ്ട്

**വാസുട്ടി :** എന്താണ് ഡോക്ടർ?

**ഡോക്ടർ :** പ്രധാനപ്പെട്ട അവയവങ്ങൾ ഡാമേജ് ആയതുകാരണം മരണത്തോടടുക്കുന്ന നിരവധി രോഗികളുണ്ട്. അവയവം മാറ്റി

വച്ചാൽ മാത്രമേ അവർക്ക് ജീവിതത്തിലേക്ക് തിരിച്ചുവരാൻ കഴിയൂ. അതിന് അനുയോജ്യമായ അവയവങ്ങൾ കിട്ടണം. ആരെങ്കിലും ദാനം ചെയ്താൽ മാത്രമേ അതു സാധിക്കൂ. ജീവിച്ചിരിക്കുന്നവർക്ക് അത് പറ്റില്ലല്ലോ? എന്നാൽ, മസ്തിഷ്കമരണം സംഭവിച്ച ഒരാളുടെ മറ്റവയവങ്ങൾ മറ്റുള്ളവരിൽ മാറ്റിവയ്ക്കാൻ കഴിയും. ഞാൻ പറഞ്ഞുവരുന്നത്... ഈ കുട്ടിയുടെ അവയവങ്ങൾ അതായത് കണ്ണ്, കരൾ, ഹൃദയം, കിഡ്നി ദാനം ചെയ്യുകയാണെങ്കിൽ അത് അനേകം പേരുടെ ജീവൻ രക്ഷിക്കും.

**വാസൂട്ടി :** അത്... ഡോക്ടർ....പറയുന്നത്...

**ഡോക്ടർ :** ഇപ്പോൾ നിരവധി ആളുകൾ ഇങ്ങനെ ചെയ്യുന്നുണ്ട്. പത്രങ്ങളിൽ കാണാറില്ലേ? നിങ്ങൾ എല്ലാവരുമായി ആലോചിക്കൂ. സമ്മതമാണെങ്കിൽ എന്നെ അറിയിക്കൂ. ഞാൻ അതിനുവേണ്ട ഏർപ്പാടുണ്ടാക്കാം. നിങ്ങൾ സമ്മതിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഭൂമിയിൽ ഉള്ളപ്പോഴല്ലേ നമുക്ക് ഇതുപോലെ ചില നല്ല കാര്യങ്ങൾ ചെയ്യാനാവൂ? മണ്ണടിഞ്ഞാൽ പിന്നെ ഈ ശരീരം കൊണ്ട് ആർക്ക് എന്ത് കാര്യം? നിങ്ങൾ ആലോചിക്കൂ. എന്നാൽ ഒരു കാര്യം ഓർക്കണം. 12 മണിക്കൂർ മാത്രമേ ഈ ചെറുപ്പക്കാരനെ വെന്റിലേറ്ററിൽ ഈ നിലയിൽ നിർത്താൻ കഴിയൂ. മനസ്സിലായല്ലോ?

**ഒരാൾ :** ഡോക്ടർ, അതിപ്പോ.. മനസ്സോണ്ടെങ്കിൽ തന്നെ ആർക്കാ, ഏത് കൂട്ടർക്കാ എന്നൊക്കെ അറിയാതേം നോക്കാതേം സമ്മതിക്കാൻ പറ്റ്വോ?

**ഡോക്ടർ :** പലർക്കായിരിക്കും. അതറിയുന്നതെന്തിനാ?

**ഒരാൾ :** അല്ല ഡോക്ടറേ, രണ്ട് പേരും രണ്ട് ജാതിക്കാരാണെങ്കിൽ... എങ്ങനാ... അതൊക്കെ നോക്കണ്ടേ?

**ഡോക്ടർ :** അവയവങ്ങൾക്ക് ജാതീം മതോം ഒന്നുമില്ല. ജാതീം മതോം നോക്കിയല്ല അവയവങ്ങൾ മാറ്റിവയ്ക്കുന്നത്. ജാതീം മതോം നന്നായി ചേർന്നെന്ന് വച്ച് കാര്യോമില്ല. ഒരേ ജാതീലും മതത്തിലും പെട്ടവര് ഒരു വീട്ടിൽതന്നെ നല്ല ചേർച്ചേലാണോ കഴിയുന്നത്? ഓരോ അവയവത്തിന്റെയും കാര്യത്തില് എന്തൊക്കെയാണ് ഒത്തുവരേണ്ടതെന്ന് ശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. രക്തഗ്രൂപ്പും മറ്റും. മനസ്സിലായോ? ഏത് കാര്യം വരുമ്പോഴും ജാതിയേതാ, മതമേതാന്ന് ചികഞ്ഞുനോക്കാൻ നിൽക്കല്ലേ കൂട്ടരേ. *(പോവുന്നു)*

*(ബാപ്പുട്ടി വരുന്നു.)*

**വാസുട്ടി :** ബാപ്പുട്ടിക്കാ നമ്മുടെ കബീറിനെ ഇനി നമുക്ക്..

*(ബാപ്പൂട്ടി കരയുന്നു)*

**വാസൂട്ടി :** ബാപ്പൂട്ടിക്കാ, ഡോക്ടർ വേറൊരു കാര്യം പറഞ്ഞു. നമ്മള് പെട്ടെന്ന് തീരുമാനിക്കണം. അത്... അത്... കബീറിന്റെ അവയവങ്ങൾ മറ്റാർക്കെങ്കിലുമൊക്കെ മാറ്റിവയ്ക്കാൻ പറ്റും; നമ്മള് ആലോചിച്ച് പറയണം-ന്ന്..

**ഒരാൾ :** ബാപ്പൂട്ടിക്കാ, നമ്മള് വിശ്വാസികളാ. ഓന്റെ മോന്റെ കണ്ണും കരളുമൊക്കെ പറിച്ചെടുത്ത് കണ്ണിക്കണ്ടവർക്ക് കൊടുത്താ ദൈവം പൊറുക്കൂല.

**മറ്റൊരാൾ :** നീ ഇപ്പറയുന്നതാണ് ദൈവദോഷം. ഒരു മതവും മനുഷ്യസ്നേഹത്തിന് എതിരല്ല. വേറൊരു ജീവൻ രക്ഷിക്കണ്ടാ-ന്ന് ഒരു ദൈവവും പറയില്ല. കബീറിന് അപകടം പറ്റിയപ്പോ ജാതീം മതോം വിശ്വാസോം ഏതാന്ന് നോക്കിയാണോ ആളുകള് ഓടിക്കൂടിയതും ഓനെ ആസ്പത്രീല് എത്തിച്ചതും? മനുഷ്യസ്നേഹാ അത്. അതുപോലെ തന്നെയാ ഇതും

**മറ്റൊരാൾ :** ബാപ്പൂട്ടിക്കായുടെ മോന്റെ അവയവം ആർക്കെങ്കിലും ഉപകരിക്കുമെങ്കിൽ അത് കൊടുക്കണംന്നാ എനിക്ക് പറയാനൊള്ളത്. അങ്ങനെയൊരു തീരുമാനമെടുത്താൽ ജാതിക്കാരും മതക്കാരും എന്തൊക്കെ പറഞ്ഞാലും ബാപ്പൂട്ടിക്കാന്റെ കൂടെ ഞങ്ങളുണ്ട്, ഈ നാടുണ്ട്.

**ബാപ്പൂട്ടി :** എനിക്ക് സമ്മതമാണ്. ന്റെ മോൻ കബീറിനും അങ്ങനെ ആയിരിക്കുമെന്നെനിക്കറിയാം. ഡോക്ടർ പറഞ്ഞതെല്ലാം എനിക്ക് മനസ്സിലായി. എന്റെ മോനെ ഞാൻ വളർത്തിയത് മനുഷ്യനാവാനാണ്. എന്റെ മോന്റെ കണ്ണിലൂടെ മറ്റൊരു മനുഷ്യൻ ഈ ഭൂമിയിലെ വെളിച്ചം കാണട്ടെ. എന്റെ മോന്റെ ഹൃദയത്തിലൂടെ മറ്റൊരു മനുഷ്യൻ മനുഷ്യസ്നേഹമെന്തെന്നറിയട്ടെ. എന്റെ മോന്റെ കരളിലൂടെ മറ്റൊരു മനുഷ്യൻ മനുഷ്യരുടെ ചോരയെല്ലാം ഒന്നാണെന്നറിയട്ടെ.

**പാട്ട് :**

അവയവ ദാനം...
ആകാശസീമകൾക്കപ്പുറത്തെത്തുന്ന
മഹിതമാം മാനവസ്നേഹം
മഹിതമാം മാനവസ്നേഹം
ആഴിതന്നാഴങ്ങളേക്കാളഗാധമാം
അവികല സഹജാതസ്നേഹം
അവികല സഹജാതസ്നേഹം

**പത്രവാർത്തകൾ :**

1. മരണത്തെയും മതത്തെയും ജയിച്ച് കബീർ
2. മനുഷ്യനന്മയ്ക്ക് മാതൃകയായി ബാപ്പുട്ടി.
3. പല മനുഷ്യരിലൂടെ ബാപ്പുട്ടി ഇനി മകനെ കാണും.
4. ജാതിയും മതവുമല്ല മനുഷ്യസ്നേഹമാണ് വലുതെന്ന് തെളിയിച്ച് ബാപ്പുട്ടി.

**പാട്ട് :**

അവയവദാനം
കുതികൊള്ളും ശാസ്ത്രം നമുക്കായി നൽകിയ
വരമാണവയവദാനം
ശാസ്ത്രത്തിൻ വരദാനമവയവദാനം.

**4**

**പറയുന്നു കബീർ**
**(രചന : സച്ചിദാനന്ദൻ)**

ഒഴുകുന്നു കബീർ ഒരു തീർഥംപോൽ.
അണയുന്നു കബീർ രാമാസ്തമയം
അരുണിമ ചാർത്തിയ സരയൂതീര-
ത്തൊരു പ്രാർഥനപോൽ
നിറയുന്നു കബീർ.

കഴുകനുദിച്ചു നഖം നീട്ടുന്നൊരു
പുലരിയിൽ മാനവരക്തം പൂശിയ
പക തൻ പാവുകളായൊരു വഴികളിൽ
വഴികളിൽ മൃദുലപ്രേമം നെയ്യും
ഹൃദയമെറിഞ്ഞു നടക്കുന്നു. കബീർ.
പറയുന്നു കബീർ :
“മണ്ണിൽ മതമെൻ മത, മെൻ കുലമോ
വിണ്ണിന്റേതും; മഴയെൻ ജാതി.
വർണം—? ബ്രാഹ്മണനെന്നോ ചന്ദന-
മര, മിപ്പരൽ മീൻ ക്ഷത്രിയനോ? നദി-
യെന്നോ വൈശ്യൻ? ശൂദ്രന്മാരോ
പൂവുകൾ, കിളികളവർണന്മാരോ?”
പാടുന്നു കബീർ :

“കണ്ടവരുണ്ടോ രാമനെ? അവനെ-
ക്കണ്ടിട്ടില്ലാ ഞാൻ — നീലക്കടലൊഴികെ,
നിറവാനൊഴികെ, ഗിരിനിരയൊഴികെ,
പടനിലമൊഴികെ, വൻകാടൊഴികെ
കതിരോനൊഴികെ, കൊടുകാറ്റൊഴികെ,”
തേടുന്നു കബീർ :

“കണ്ടവരുണ്ടോ സീതയെ അവളെ-
ക്കണ്ടിട്ടില്ലാ ഞാൻ—പുതുമഴയൊഴികെ,
കുളിർമഞ്ഞൊഴികെ, പൗർണമിയൊഴികെ,
വനമലരൊഴികെ, ഇളമാനൊഴികെ,
പൂങ്കാറ്റൊഴികെ, താരാട്ടൊഴികെ,
വെൺമയിലൊഴികെ, ത്തുമ്പികളൊഴികെ”

കാവിയണിഞ്ഞൊരു ചെന്നായ്ക്കക്കൂട്ടം
ശൂലത്തിൻ കോർമ്പല്ലുകൾ തൻ ചെറു-
വീണയിലാഴ്ത്തി, യതിൻ ഗാനത്തിൽ
ചോര കുടിക്കെ ധീരം വിരൽതൻ
മാറിൽ ച്ചൂണ്ടിപ്പറയുന്നു കബീർ :
“രാമൻപിറവിയെടുത്തൊരുസ്ഥാനമി-
താ,ണിതെടുക്കുക, പണിയുകയിവിടെ-
ക്കോവിലതെൻ മാംസത്തിൽ, ചോരയിൽ.
വേദാതീതം ഭേദാതീതം
സ്ഥാനാതീതം പൊരുളുപിറന്ന-
തയോധ്യയിലോ, വനരഥ്യയിലോ?മതി;
നിർത്തുകയിനിയീ മിഥ്യാവാദം.
പത്തടി മണ്ണിൻ തീറാധാര-
മതിർത്തിയെഴാത്തവനെന്തി,ന്നെന്തിനു
ദിക്കില്ലാത്ത മനസ്സിനു ദേശം?

“അന്ധസഹോദര, നിൻ പൂണൂലിൻ
തുമ്പിലിരിപ്പുണ്ടെന്നോ ദൈവം?
എണ്ണാമോ ജപമാലയിലവനെ?
വെണ്ണക്കല്ലിൽ തടവിലിടാമോ?

“ഇന്നലെ നീ തീവെച്ചു കുടിലുകൾ;
വെന്തുകരിഞ്ഞതു ചണ്ഡാലന്മാ-
രല്ലെൻ ദൈവം കെട്ടിത്തൂക്കീ-
യിന്നലെ ജാതി മറന്നന്യോന്യം
പുൽകിയൊരിണകളെ, അന്നാക്കയറിൽ
നൊന്തുപിടഞ്ഞതുമെന്നുടെ ദൈവം!
അടിയേൽക്കുന്നൊരു ദളിതൻ ദൈവം!
തൊഴിൽ വിൽക്കുന്ന ദരിദ്രൻ ദൈവം!
ഉടൽ വിറ്റരിവാങ്ങുന്നവൾ ദൈവം!
കൊടിയൊരനീതിക്കെതിരായുയരും
തുടിയും കുഴലും കൊടിയും ദൈവം!
തുടൽ പൊട്ടിച്ചു വെളിച്ചമൊലിച്ച
വടുക്കളുമായി വരുന്നതു ദൈവം!
മഴുവിൻ കീഴെക്കരയും മരവും
അഴിയിൽ പിടയും മൃഗവും ദൈവം!
വെട്ടിത്തള്ളിയ കാട്ടിൽനിന്നോ
കെട്ടിപ്പൊക്കുമണക്കെട്ടിന്റെ
വയറ്റിൽ താണ തടത്തിൽ നിന്നോ
പോരിൽ പെയ്യും ചോരയിൽനിന്നു,
വരൾച്ചയിൽനി,ന്നുരുൾ പൊട്ടലിൽനിന്നോ,
വേരും കൂരയുമറ്റു വരുന്നു
മാറാപ്പേറ്റിയനാഥം ദൈവം!

“പോവുകയവിടെ, ക്കടുവയിറങ്ങും
ചേരികളിൽ ചിരിമാഞ്ഞൊരു കുട്ടിക-
ളാരുടെയോ ദീപാവലിവിരിയാ-
നായ് വെടിയുപ്പാക്കുഞ്ഞിക്കൈകളിൽ
വാരി നിറയ്ക്കും ശാലകളിൽ, കരി
കോരി വിയർത്തവർ ശവമായിരുളിൽ
വീണടിയും ഖനികളിലും, പതിയുടെ
വീടാം ചിതയിൽ പെണ്ണു ദഹിക്കും
ഗ്രാമങ്ങളിൽ ഖനികളിലും, പതിയുടെ
വീടാം ചിതയിൽ പെണ്ണു ദഹിക്കും

ഗ്രാമങ്ങളിൽ നഗരങ്ങൾ നൽകിയ
രോഗത്താൽ മലയത്തി കുറിഞ്ഞി-
പ്പൂവിൽ പൊള്ളി മരിക്കും മലകളിൽ!
അവരുടെ ഹൃദയം മിഥിലാസിതമതി-
ലിനി വിരിയേണ്ടു കിനാവിൻ സീത.
അവരുടെ ബോധമയോധ്യ, യതിന്നക-
മിനിയുയരേണ്ടു വിമോചനരാമൻ!"

**5**

**തുറക്കാത്ത മേശ**
**(രചന : ബി.എസ്.ശ്രീകണ്ഠൻ)**

*(മീൻകാരൻ വരുന്നു)*

മീൻ വേണോ ? നല്ല പെടയ്ക്കണ അയില. സാറേ മീൻ വേണോ? നല്ല പെടയ്ക്കണ അയിലയാ...

**അച്ചായൻ:** സാറാമ്മോ, മീൻ വല്ലതും വാങ്ങിക്കണോ?

**സാറാമ്മ:** വേണം, വേണം; കറി വയ്ക്കാൻ ഇവിടെ വേറെ ഒന്നും ഇല്ല.

*(വില പേശലും മീൻ വാങ്ങലും;150 രൂപയുടെ മീനാണ് വാങ്ങിയത്)*

**അച്ചായൻ:** ആയിരം രൂപയ്ക്ക് ചെയ്ഞ്ച് ഉണ്ടോ ?

**മീൻകാരൻ:** രാവിലെ തന്നെ ആളെ കളിയാക്കാണോ? ആ എന്തേലും ആകട്ടെ എടുക്ക്, കൈനീട്ടം അല്ലേ.

*(മേശ തുറക്കാൻ ശ്രമിക്കുന്നു-പറ്റുന്നില്ല. പല വിധത്തിൽ ശ്രമിക്കുന്നു)*

**മീൻകാരൻ:** 50 രൂപയ്ക്കാണോ ഈ കസർത്ത് കാണിക്കണേ? കാശ് വേറെ വല്ലടത്തും ഇരിപ്പുണ്ടോന്ന് നോക്ക് സാറേ

*(വീണ്ടും മേശ തുറക്കാൻ നോക്കുന്നു).*

**അച്ചായൻ:** നിനക്ക് നിന്റെ കാര്യം; എനിക്ക് നൂറ് കാര്യം. ആട്ടെ, കൈനീട്ടം വൈകീട്ടായാൽ കുഴപ്പണ്ടോ

**മീൻകാരൻ:** എന്താ സാറേ ഇത്? കളിക്കാണ്ട് വേഗം കാശെടുക്ക്.

*(വീണ്ടും മേശ തുറക്കാൻ നോക്കുന്നു-ആഞ്ഞ് വലിക്കുന്നു-വീഴുന്നു)*

**സാറാമ്മ:** നിങ്ങൾ എന്താ ഈ കാണിക്കുന്നേ? അയാൾക്ക് മീനിന്റെ പൈസ കൊടുക്ക്.

**അച്ചായൻ:** തുറക്കാൻ പറ്റുന്നില്ല.

**സാറാമ്മ:** എന്ത് തുറക്കാൻ പറ്റുന്നില്ലെന്ന് ?

**അച്ചായൻ:** മേശയുടെ വലിപ്പ് തുറക്കാൻ പറ്റണില്ലാന്ന്.
**സാറാമ്മ:** നിങ്ങൾക്ക് നാണം ഇല്ലേ, ഒരു മേശയുടെ വലിപ്പ് തുറക്കാൻ പറ്റണില്ലാന്ന് പറയാൻ.
**അച്ചായൻ:** എന്നാ നീ തുറക്ക്.
*(സാറാമ്മ മേശ തുറക്കാൻ ശ്രമിക്കുന്നു, വീഴുന്നു)*
**അച്ചായൻ:** ഇപ്പോ എന്തായി? മേശ തുറക്കാൻ പറ്റണില്ലല്ലോ?
**മീൻകാരൻ:** എന്റെ സാറേ, കയ്യിൽ കാശില്ലെങ്കിൽ അത് പറഞ്ഞാ പോരേ, എന്തിനാ വെറുതെ മേശയെ കുറ്റം പറയണത്?
**അച്ചായൻ:** എടോ കാശ് കയ്യിലേ ഇല്ലാതുള്ളു. ഇതിന്റെ അകത്തൊണ്ട്. സുരക്ഷിതായിട്ട് വച്ചതാ. ഒരു ദിവസം നേരം വെളുക്കുമ്പോ എടുക്കാൻ പറ്റാതാവൂന്ന് ആരറിഞ്ഞു?
**മീൻകാരൻ:** ഞാൻ വൈകിട്ട് ഇങ്ങോട്ട് വരും, കാശ് അപ്പോ തരണം. *(പോകുന്നു)*
**അച്ചായൻ:** കാശ് മാത്രല്ല, എന്റെ പാസ്പോർട്ടും രേഖകളും എല്ലാം ഇതിനകത്താ. പിന്നത്തേക്ക് വയ്ക്കാൻ പറ്റുമോ? എന്തെല്ലാം ആവശ്യങ്ങളൊള്ളതാ..
*(തുറക്കാൻ വീണ്ടും ശ്രമിക്കുന്നു, വീഴുന്നു. വഴിയേ പോകുന്ന ഒന്നുരണ്ട് പേരെ വിളിക്കുന്നു. അവരെത്തി എല്ലാവരും ചേർന്ന് തുറക്കാൻ നോക്കുന്നു. പരാജയപ്പെടുന്നു. അവർ പോവുന്നു)*
**അച്ചായൻ:** ഇവിടൊരുത്തനെ പണിക്ക് നിർത്തീട്ടൊണ്ടല്ലോ. അവനെവിടെപ്പോയി? ഡാ.., നീ എവിടെയാ? എന്തെടുക്വാ? ഒരുസമയത്ത് വിളിച്ചാലും കാണൂലല്ലോ. ഡാ
*(വേലക്കാരൻ ഓടിവരുന്നു)*
**അച്ചായൻ:** ഡാ, നീ പോയി കൊല്ലൻ കുമാരന്റെ അടുത്ത്ന്ന് ഒരു ചുറ്റിക വാങ്ങിക്കൊണ്ടു വായോ.
**വേലക്കാരൻ:** എന്തിനാ സാറേ ?
**അച്ചായൻ:** നിന്റെ തലമണ്ട അടിച്ചു പൊളിക്കാൻ; ഒന്ന് വേഗം പോയിട്ടു വാടാ. ഇവിടുത്തെ മേശ തൊറക്കാൻ പറ്റണില്ല. അതിനാന്ന് പറ
*(വേലക്കാരൻ പോകുന്നു.)*
**അച്ചായൻ:** സാറാമ്മോ, നടുവിന് വല്ലോം പറ്റിയോ?
**സാറാമ്മ:** വേദനയൊണ്ട്-ഞാനിത്തിരി വെള്ളം ചൂടാക്കട്ടെ. ആവി പിടിക്കണം *(നടുവിന് കൈ കൊടുത്ത് അകത്തേക്ക്)*
*(വേലക്കാരൻ ചുറ്റികയുമായി വരുന്നു. ഇരുവരും ചേർന്ന് വീണ്ടും ശ്രമം. വേലക്കാരൻ വീഴുന്നു.)*
**അച്ചായൻ:** എണീറ്റു പോടാ.

*(കൊല്ലൻ വരുന്നു)*
**കൊല്ലൻ:** എന്താ പ്രശ്നം? ചെക്കൻ പറഞ്ഞു മേശ തൊറക്കാൻ പറ്റണില്ലാന്ന്?
**അച്ചായൻ:** അത് തന്നെയാ പ്രശ്നം. ഇതൊന്ന് തൊറന്ന് കിട്ടിയേ പറ്റൂ.
*(കൊല്ലന്റെ പരിശോധന. പരിശ്രമം)*
**കൊല്ലൻ:** നേരാ; തുറക്കാൻ പറ്റുന്നില്ല; സാരമില്ല, നമുക്ക് വേറൊരു താക്കോൽ ഉണ്ടാക്കാം.
**അച്ചായൻ:** അതിപ്പോ എന്നത്തേക്കാ? എനിക്ക് ഇന്ന് ഇപ്പോ ഇത് തുറന്ന് കിട്ടണം. പത്ത് പൈസ കയ്യിലില്ല. ഒക്കെ ഇതിനകത്താ
**കൊല്ലൻ:** എന്നാ പിന്നെ പൊളിച്ചാലോ?
**അച്ചായൻ:** ഏയ്, പൊളിക്കാൻ പറ്റൂല.
**കൊല്ലൻ:** ഇപ്പോത്തന്നെ തൊറക്കാൻ വേറെ മാർഗമൊന്നും ഞാൻ കാണണില്ല. ഞാനങ്ങ് പോകുവാ
*(പോയി)*
**അച്ചായൻ:** എന്റെ ഒരു കഷ്ടകാലം. ഞാൻ അധ്വാനിച്ച് ഉണ്ടാക്കിയ കാശാ, ഇതില് സൂക്ഷിച്ച് വച്ചതാ; ഇതിപ്പൊ ഇങ്ങനെ ചതിക്കുംന്ന് വിചാരിച്ചോ? ഇതൊരു വിശ്വാസവഞ്ചനയായിപ്പോയല്ലോ എന്റെ മേശേ!
*(വിഷമിച്ചിരിക്കുന്നു. ഒരാൾ വരുന്നു).*
**ആഗതൻ:** അല്ല, കേട്ടത് ശരിയാ? മേശ...
**അച്ചായൻ:** എങ്ങനറിഞ്ഞു?
**ആഗതൻ:** കൊല്ലൻ രാഘവൻ പറഞ്ഞു.
**അച്ചായൻ:** നേരാ; ഒരത്യാവശ്യത്തിനൊള്ള ഇത്തിരി കാശ് സൂക്ഷിച്ചുവച്ച മേശ, ദേ ഇന്ന് രാവിലെ നോക്കിയപ്പോ തുറക്കാൻ പറ്റുന്നില്ല. ഇന്നലെ രാത്രീലും തുറന്നതാ. നേരം വെളുത്തപ്പോ, ങേ-ഹേ
**ആഗതൻ:** മരത്തിന്റെ മേശയാണല്ലേ?
**അച്ചായൻ:** അതെ
**ആഗതൻ:** കേൾക്കൂ, അന്തരീക്ഷത്തിൽ കുറച്ചു ഈർപ്പമുണ്ടാകുമ്പോഴേക്കും ഇത്തരം വസ്തുക്കൾ വികസിക്കും.
**അച്ചായൻ:** സാറേ ഈർപ്പോം തണുപ്പുമൊക്കെ ഇതിന് മുമ്പും ഒണ്ടായിട്ടുണ്ടല്ലോ? അന്നൊന്നുമില്ലാത്ത ഒരു പ്രശ്നം ഇപ്പോ ഇതെന്താ?
**ആഗതൻ:** കാലാവസ്ഥാവ്യതിയാനം! അതായിക്കൂടേ? അതൊരു യാഥാർത്ഥ്യമല്ലേ?
**അച്ചായൻ:** ങേ!! സാറേ, ഈ വല്യ വല്യ കാര്യങ്ങളൊന്നും

എനിക്കറിയേണ്ട, എനിക്കെന്റെ മേശയൊന്ന് തൊറന്ന് കിട്ടിയാൽ മതി. സാറിനെക്കൊണ്ടത് പറ്റ്വോ?

**ആഗതൻ:** ഒരിക്കൽ ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞിട്ടുണ്ട്...

**അച്ചായൻ:** സാറേ, എനിക്കെന്റെ മേശയൊന്ന് തൊറന്ന് കിട്ടിയാൽ മതി. സാറിനെക്കൊണ്ടത് പറ്റ്വോ?

**ആഗതൻ:** തുറക്കാത്ത വലിപ്പുകൾ തുറന്ന് കിട്ടിയാൽ യുദ്ധത്തിൽ ജയിച്ച സന്തോഷം കിട്ടും.

**അച്ചായൻ:** അതല്ലേ ചോദിച്ചത്, സാറിനെക്കൊണ്ടത് പറ്റ്വോ? യുദ്ധത്തിൽ ജയിച്ച സന്തോഷം കിട്ടുമല്ലോ?

**ആഗതൻ:** ക്ഷമിക്കണം. വലിപ്പുതുറക്കൽ എന്റെ ജോലി അല്ല.

**അച്ചായൻ:** *(ഉച്ചത്തിൽ)* പിന്നെന്താടോ തന്റെ ജോലി? മനുഷ്യനെ മെനക്കെടുത്തണതോ? പോടോ.. പോടോ ഇറങ്ങി; അല്ലെങ്കിൽ തന്നെ എന്റെ ക്ഷമ കെട്ടിരിക്ക്വാ.

*(അയാൾ രക്ഷപ്പെട്ടു. മാഷ് ധൃതിയിൽ വരുന്നു)*

**മാഷ്:** എന്താ എന്താ രാവിലെ ഒരു ബഹളം?

**അച്ചായൻ:** മാഷേ, മേശ തുറക്കാൻ പറ്റുന്നില്ല.

**മാഷ്:** ചില മേശവലിപ്പുകൾ അങ്ങനെയാടോ. ചിലപ്പോ കുടുങ്ങും. എന്റേത് ഇരുമ്പ് മേശയാ. അതിന്റെ വലിപ്പ് കുടുങ്ങില്ല. അമേരിക്കയിലും ചൈനയിലും പുതിയ മേശകൾ തയ്യാറാകുന്നുണ്ട്. അതിന്റെ വലിപ്പുകൾ അഷ്ടകോൺ ഉള്ളവയാണ്.

**അച്ചായൻ:** മാഷേ, ഈ മേശ തുറക്കാൻ ഒരു വഴി...

**മാഷ്:** വഴിയല്ല, ഉപായം. അതാണ് ശരി

**അച്ചായൻ:** എന്നാ ഒരു ഉപായം പറഞ്ഞ് താ..

**മാഷ്:** പെട്ടെന്നൊന്നും തോന്നണില്ല; പക്ഷേ ഉപായം ഉണ്ടാവാതിരിക്കില്ല. ഗ്രന്ഥങ്ങളൊന്ന് നോക്കേണ്ടിവരും. അറിവിന്റെ മറുകര കണ്ടവരല്ലേ, അതൊക്കെ എഴുതിയ നമ്മുടെ മഹർഷിമാരും ആചാര്യന്മാരും?

**അച്ചായൻ:** ഇപ്പോ ഒന്നും നടക്കില്ലാന്ന് ചുരുക്കം.

**ഒരാൾ വരുന്നു;അയാൾ:** അച്ചായാ ഇവിടുത്തെ മേശ തുറക്കാൻ പറ്റുന്നില്ലാന്ന് കേട്ടു. ശരിയാ?

**അച്ചായൻ:** അതെ

**വന്നയാൾ:** എന്റെ മേശേം തുറക്കാൻ പറ്റുന്നില്ല

*(പലരും വരുന്നു. ചിലർ മൊബൈലിൽ വിളിച്ചു ചോദിക്കുന്നു. ഒരിടത്തും ആരുടെ മേശകളും തുറക്കാൻ പറ്റുന്നില്ല. എല്ലാവരും പരസ്പരം ഉൽക്കണ്ഠകൾ പങ്ക് വയ്ക്കുമ്പോൾ പുറത്ത് ഒരു ആരവം)*

(കോതാമൂരി സംഘം)

**6**

**കോതാമൂരിപ്പാട്ട്**

**(രചന : എം.എം.സചീന്ദ്രൻ)**

പെട്ടിക്കോലം വരുന്നു വിജയലഹരിയിൽ
രാജ്യമെല്ലാം മുടിക്കാൻ
രക്ഷിക്കുവാനല്ല നമ്മെ, പകരമനു
നയത്തോടു ഭക്ഷിക്കുവാനായ്
ഉച്ചാടിച്ചില്ലയെങ്കിൽ ഗുണഗണമിയലും
ഭാരതം ചാമ്പലാക്കും.
സൂക്ഷിക്കേണം കുരിക്കൾ കുലപതി
ഇവനോടൊത്ത ചാഞ്ചാട്ടമെല്ലാം.

*(കോതാമൂരിപ്പാട്ടിന്റെ അനുഷ്ഠാനങ്ങൾക്ക് ശേഷം ഗുരിക്കളും സംഘവും രംഗത്ത്)*

**വന്ദനം**

തെയ് തത്ത താതില്ലത്തെയ്തത്തെയ്താ.. തില്ല
ധില്ലോം ധില്ലോം...ധില്ലോം തെയ്തെയ്...
തിത്തത്താ തെയ്ത ത്തെയ്തെയ്ത..
തത്തോം തരികിട തിത്തോം തെയ്തെയ്..

*(വായ്ത്താരി ചൊല്ലുമ്പോൾ വലിയ ഒരു സൈ്വപിംഗ് മെഷിൻ രംഗത്ത്. അതിനെ തിറപോലെ അലങ്കരിച്ച് എഴുന്നെള്ളിച്ചു കൊണ്ടുവരികയാണ്. മുകളിൽ Swiping Machine എന്നും താഴെ പിടുങ്ങൽയന്ത്രം എന്നും വലുതായി എഴുതിയിരിക്കുന്നു)*

**പാട്ടും കളിയും തുടരുന്നു..**

വാഴ്...ക... വാഴ്....കാ.... ഭാരതഭൂമി വാഴ്കാ...
വാഴ്...ക... വാഴ്....കാ.... കേരളവും വാഴ്കാ...
കേരള നാടു വാഴ്...ക കേടുകൂടാതെ വാഴ്ക..
വല്യമ്പ്രാൻ വാഴ്ക വാഴ്ക... നാടുവാഴി
ക്കൊച്ചമ്പ്രാൻ വാഴ്ക വാഴ്ക..
സ്വന്തക്കാർ മാത്രം വാഴ്ക... വാഴ്ക..
മറ്റുള്ളോർ ചത്തുവാഴ്ക...
വാഴ്...ക... വാഴ്....കാ....
സൈ്വപ്പിംഗ് മെഷിൻ വാഴ്കാ...

**ഗുരിക്കൾ:** ഹേ...യ്...എന്തിനാടോ ഈ സൈ്വപ്പിംഗ് മെഷിന് വാഴ്ത്ത് പാടുന്നത്?

**സംഘാംഗം 1:** തോണ്ടിയാൽ കാര്യം നടത്തണ യന്ത്രം അല്ലേ? കെടക്കട്ടെ ഒര് വാഴ്ത്ത്..

**ഗുരിക്കൾ:** അല്ല  ഈ കാഷ്‌ലെസ് ഇക്കോണമി കാഷ്‌ലെസ് ഇക്കോണമി എന്നു പറയുമ്പോഴേ, പണം ഇല്ലാത്ത എടപാട് എന്നല്ലേ അർത്ഥം?

**സംഘാംഗം 1:** *(പതുക്കെ)* അതേടാ പൊട്ടാ.... പറഞ്ഞാലും മന സ്സിലാവില്ലേ?

**ഗുരിക്കൾ:** എന്താ?

**സംഘാംഗം 1:** അതെ ഗുരിക്കളേ... അതുതന്നെ

**ഗുരിക്കൾ:** അപ്പോ പണത്തിന്റെ ആവശ്യത്തിന് ഇനി ഈ മെഷിൻ മതീന്നാണോ പറയുന്നത്?

**സംഘാംഗം 2:** അതേല്ലോ... അതാ എളുപ്പം.

**ഗുരിക്കൾ:** അപ്പോ.... കെഎസ്ആർടിസി ബസ്റ്റാന്റിൽ മൂത്രം ഒഴിക്കാൻ രണ്ടുറുപ്യ ഇത് തര്വോ?

**സംഘാംഗം 3:** രാമേട്ടന്റെ ചായപ്പീട്യേല്...

**സംഘാംഗം 4:** അവറാന്റെ എറച്ചിപ്പീട്യേല്...

**സംഘാംഗം 2:** മീൻ ചാപ്പേല്....

**സംഘാംഗം 3:** പച്ചക്കറിക്ക്...

**ഗുരിക്കൾ:** പാൽക്കാരിക്ക്...

**സംഘാംഗം 1:** എല്ലാം നടക്കും. ഒന്ന് തോണ്ട്യാ... മതി.

**ഗുരിക്കൾ:** തല്ല് കിട്ടൂലേ...?

**സംഘാംഗം 1:** ഛെ! പാൽക്കാര്യെ തോണ്ടാനല്ല... ഈ മെഷീനിൽ ഒന്ന് തോണ്ട്യാമതി...

വാഴ്...ക... വാഴ്....കാ.... സ്വൈപ്പിംഗ് മെഷിൻ വാഴ്കാ...

വാഴ്...ക... വാഴ്....കാ.... പിടുങ്ങൽയന്ത്രം  വാഴ്കാ...

**ഗുരിക്കൾ:** ഛെ! എന്താടോ പറയുന്നത്? പിടുങ്ങൽയന്ത്രം എന്നോ? പിടുങ്ങുക എന്നു പറഞ്ഞാൽ എന്താ അർത്ഥം? പിടിച്ചുപറി ക്ക്യാന്നല്ലേ? പണമില്ലാതെ കാര്യം നടത്തുന്ന ഇവനെ ഇങ്ങനെ അധിക്ഷേപിക്കാൻ  പാടുണ്ടോ?

**സംഘാംഗം 1:** അയ്യോ... അധിക്ഷേപിച്ചതല്ല ഗുരിക്കളേ... ഗുരി ക്കൾക്ക് വായിക്കാനറിയില്ലേ? ഡിക്ഷ്ണറി എടുത്തുനോക്കി യാട്ടെ...സ്വൈപ്പിങ് മെഷിൻ എന്നു പറഞ്ഞാൽ അപഹരണയന്ത്രം, പിടുങ്ങൽ യന്ത്രം എന്നൊക്കെയാ അർത്ഥം കൊടുത്തിരിക്കുന്നത്.

**ഗുരിക്കൾ:** ഇംഗ്ലീഷ് ഡിക്ഷ്ണറിയാണോ?

**സംഘാംഗം 2:** അതെ... നല്ല മുഴുത്ത ഇംഗ്ലീഷ്  ഡിക്ഷ്ണറി തന്നെ..

**ഗുരിക്കൾ:** എന്നാൽ കുഴപ്പമില്ല... അങ്ങനെത്തന്നെ പാടിക്കോ...

വാഴ്...ക... വാഴ്....കാ.... സ്വൈപ്പിംഗ് മെഷിൻ വാഴ്കാ...

വാഴ്...ക... വാഴ്....കാ.... പിടുങ്ങൽയന്ത്രം വാഴ്കാ...

വാഴ്...ക... വാഴ്....കാ.... അംബാനി വാഴ്ക... വാഴ്...കാ..

വാഴ്...ക... വാഴ്....കാ.... നമ്മുടെ അദാനി വാഴ്ക... വാഴ്ക...
വാഴ്...ക... വാഴ്....കാ.... മേലാളരൊത്തു വാഴ്കാ...
വാഴ്...ക... വാഴ്....കാ.... നാട്ടിലെ മറ്റുള്ളോർ ചത്തുവാഴ്കാ...

**ഗുരിക്കൾ:** അതെന്തിനാടോ അംബാനിയെയും അദാനിയെയുമൊക്കെ ഇവിടേയ്ക്ക് വലിച്ചിഴയ്ക്കുന്നത്?

**സംഘാംഗം 1:** അയ്യോ അത് ഗുരിക്കൾക്കു മനസ്സിലായില്ലേ? അവർക്കല്ലേ ഇതുകൊണ്ടുള്ള മെച്ചം?

**ഗുരിക്കൾ:** എന്തു മെച്ചം? നീ ഒരുമാതിരി കമ്യൂണിസ്റ്റുകാരെപ്പോലെ സംസാരിക്കരുത് കേട്ടോ...

**സംഘാംഗം 2:** അയ്യോ അല്ല ഗുരിക്കളേ... ഈ പണമിടപാട് ഇല്ലാതായപ്പോഴേ, നമ്മുടെ ചെറിയ ചെറിയ കച്ചോടക്കാരുടെ പീട്യേം പൂട്ടി പോയില്ലേ?

**സംഘാംഗം 3:** പാലും പച്ചക്കറിം മീനും അരീം ഇറച്ചിം മസാല സാധനങ്ങളും എല്ലാം ഒരുമിച്ച് കിട്ടുന്ന റിലയൻസിനെപ്പോലുള്ള കുത്തകകൾ നടത്തുന്ന വലിയ വലിയ മാളുകളില്ലേ?

**സംഘാംഗം 4:** അവിടെപ്പോയാണല്ലോ ഇപ്പോൾ മിക്കവാറും ആളുകൾ സാധനം വാങ്ങുന്നത്. അപ്പോ മെച്ചം ആർക്കാ?

**സംഘാംഗം 1:** മാത്രമല്ല, അവർക്കു വേറെയുമുണ്ട് ഗുണം.

**ഗുരിക്കൾ:** എന്തു ഗുണം?

**സംഘാംഗം 2:** ഇന്ത്യയിലെ കോടിക്കണക്കിന് ആൾക്കാർക്ക് അവരുടെ പണം ബാങ്കിൽനിന്ന് എടുക്കാൻ കഴിയില്ല.

**ഗുരിക്കൾ:** അതെ.. എടുക്കാൻ കഴിയില്ല...അങ്ങനെ നമ്മടെയാക്കെ പണം ചെലവാകാതെ ബാങ്കിൽ കിടക്കും. അത് നല്ലതല്ലേ?

**സംഘാംഗം 1:** ആ പണം കോടിക്കണക്കിനായിട്ട് അംബാനിക്കും അദാനിക്കും മല്യക്കുമൊക്കെ കടം കൊടുക്കും. എന്നിട്ട് പിന്നെ കുറച്ചുകഴിയുമ്പോൾ അതൊക്കെ എഴുതിത്തള്ളും..

**സംഘാംഗം 2:** 125 ലക്ഷം കോടി രൂപയാണത്രെ ഇങ്ങനെ വൻകിടക്കാർക്കു കൊടുത്ത കടം ഇന്ത്യാഗവണ്മെന്റ് എഴുതിത്തള്ളിയത്..

**ഗുരിക്കൾ:** ഇതുകൊണ്ടുപക്ഷേ നമുക്കു നഷ്ടമൊന്നും ഇല്ലല്ലോ... നമ്മടെ പണം സർക്കാർ എന്നെങ്കിലും തിരിച്ചുതരില്ലേ? അതുകൊണ്ട് പാടിക്ക്യോ...

വാഴ്...ക... വാഴ്....കാ.... സ്വൈപ്പിംഗ് മെഷിൻ വാഴ്കാ...
വാഴ്...ക... വാഴ്....കാ.... പിടുങ്ങൽ യന്ത്രം വാഴ്കാ...
വാഴ്...ക... വാഴ്....കാ.... മേലാളരൊത്തു വാഴ്കാ...
വാഴ്...ക... വാഴ്....കാ.... നാട്ടിലെ മറ്റുള്ളോർ ചത്തു വാഴ്കാ...

**ഗുരിക്കൾ:** അതെന്തിനാടോ മറ്റുള്ളോർ ചത്തുവാഴുന്നത്?

**സംഘാംഗം 2:** അതേയ്... എല്ലാം കൊണ്ടും നഷ്ടം നമുക്കുതന്നെ

യാണ് ഗുരിക്കളേ... ഒന്നുകിൽ ബാങ്കിന്റെ ലാഭം കുറയും. എന്നു വെച്ചാൽ, നമുക്കുകൂടി അർഹതപ്പെട്ട ലാഭം കുത്തകകൾ കൊള്ള യടിച്ചു എന്നർത്ഥം. അല്ലെങ്കിൽ ബാങ്ക് നഷ്ടത്തിലാകും. അങ്ങനെ വന്നാൽ സർക്കാർ ബാങ്കുകളുടെ കടംവീട്ടും.

**സംഘാംഗം 3:** അപ്പോഴും നമ്മുടെ നികുതിപ്പണമാണ് ചെല വാക്കുന്നത്. കമ്മി നികത്താൻ സർക്കാർ നോട്ടടിക്കും. സാധന ങ്ങളുടെ വില കൂടും.

**ഗുരിക്കൾ:** എന്തായാലും കള്ളപ്പണവും കള്ളനോട്ടും തടഞ്ഞതി ലൂടെ കോടിക്കണക്കിന് രൂപ കേന്ദ്രസർക്കാറിന് നേട്ടമുണ്ടായല്ലോ അതു വലിയ കാര്യമല്ലേ?

**സംഘാംഗം 4:** അതെയതെ... 400 കോടി രൂപയാണത്രേ സർക്കാർ പ്രതീക്ഷിക്കുന്ന നേട്ടം.

**ഗുരിക്കൾ:** അത് വലിയൊരു തുകതന്നെയല്ലേ?

**സംഘാംഗം 1:** അതെ. പക്ഷേ പുതിയ നോട്ട് അടിക്കാനും വിത രണം ചെയ്യാനുമൊക്കെയായി അതിന്റെ എത്രയോ ഇരട്ടിയാണ് ചെലവായത്. ആ ഇനത്തിൽമാത്രം ഒരു ലക്ഷത്തി ഇരുപത്തി യെണ്ണായിരം കോടി രൂപ സ്വാഹാ...

**സംഘാംഗം 2:** ബാങ്ക് ജീവനക്കാർക്ക് രണ്ട് ദിവസത്തേയ്ക്കുള്ള ഓവർടൈം അലവൻസുതന്നെ 220 കോടി രൂപ വരുമെന്നാണ് കണക്കാക്കുന്നത്.

**ഗുരിക്കൾ:** ങ്ഹേ...!!!

**സംഘാംഗം 3:** അതെ. ഉൽപാദനനഷ്ടവും പുതിയ നോട്ട് അച്ചടി ക്കാനുള്ള ചെലവുകളുമടക്കം ചുരുങ്ങിയ കാലത്തേയ്ക്ക് തന്നെ കണക്കാക്കുന്നത് 12 ലക്ഷം കോടി രൂപയുടെ നഷ്ടമാണത്രേ.

വാഴ്...ക... വാഴ്....കാ.... സ്വൈപ്പിംഗ് മെഷിൻ വാഴ്കാ...
വാഴ്...ക... വാഴ്....കാ.... പിടുങ്ങൽയന്ത്രം വാഴ്കാ...
വാഴ്...ക... വാഴ്....കാ.... അംബാനി വാഴ്ക... വാഴ്...കാ..
വാഴ്...ക... വാഴ്....കാ.... നമ്മുടെ അദാനി വാഴ്ക... വാഴ്ക...
വാഴ്...ക... വാഴ്....കാ.... മേലാളരൊത്തു വാഴ്കാ...
വാഴ്...ക... വാഴ്....കാ.... നാട്ടിലെ മറ്റുള്ളോർ ചത്തുവാഴ്കാ...
തെയ്തത്തത്തധില്ല.. തെയ്ത തെയ്ത ദിത
ധില്ലോം ധില്ലോം ധില്ലോം തൈ തൈ
തത്തം തരികിട തിത്തോം തൈ തൈ..
തത്തം തരികിട തിത്തോം തൈ തൈ..
ഞങ്ങടെ സമ്പാദ്യം ധിത്ത ത്താ തൈ
ഞങ്ങക്കെടുത്തൂടേ... ത്ത ത്താതൈ...

നിങ്ങടെ സമ്പാദ്യം.. തത്താതൈ...
നാടിന്റെ സമ്പാദ്യം തകത്താതൈ..
നിങ്ങളുതന്നെയുമീ...ത്തത്താതൈ
നാടിന്റെ സമ്പാദ്യം..തകത്താതൈ
നാടിനുവേണ്ടി ത്യാഗം സഹിക്കാൻ
നല്ലൊരവസരമാണല്ലോ...ഇത്
നല്ലോരവസരമാണല്ലോ...
തെയ്തത്തത്തദ്ധില്ല.. തെയ്ത തെയ്ത ധിത
ധില്ലോം ധില്ലോം ധില്ലോം തൈ തൈ
ഞങ്ങടെ സമ്പാദ്യം..തത്താതൈ...
ഊറ്റിയെടുത്തിട്ട്...തകത്താതൈ..
അംബാനിക്കു കൊടുക്കാനോ? ത്തക..
അദാനിക്കു കൊടുക്കാനോ...?
ലക്ഷം കോടികൾ കിട്ടാക്കടമായ്
എഴുതിത്തള്ളിമുടിക്ക്യാനോ...
തെയ്തത്തത്തദ്ധില്ല.. തെയ്ത തെയ്ത ധിത
ധില്ലോം ധില്ലോം ധില്ലോം തൈ തൈ
ഉപ്പും മുളകുമില്ലാ.... തൈ തൈ
കഞ്ഞിക്കരിയില്ലാ ധില്ലത്താതൈ
കൊച്ചിനു ദീനമാണേ... വീട്ടിൽ
പിച്ചകൊടുക്കാനില്ലാ.. താ തൈ..
ധീരജവാന്മാർ... താതിത്ത ത്താ തൈ
ധീരജവാന്മാർ മഞ്ഞുമലകളിൽ
നാടിനുവേണ്ടി മരിക്കുമ്പോൾ..
ധില്ലോം ധില്ലോം ധില്ലോം തൈ തൈ
പോരാടേണ്ടവരല്ലേ നിങ്ങൾ...
ഒക്കെ സഹിക്കേണ്ടോരല്ലേ..?
തെയ്തത്തത്തദ്ധില്ല.. തെയ്ത തെയ്ത ധിത
ധില്ലോം ധില്ലോം ധില്ലോം തൈ തൈ
ഒക്കെ സഹിക്കുകയെങ്കിൽ തിത്തൈ
നല്ലൊരു നാളേയ്ക്കായ്ക്കൂടേ? തക...
പോരാടുകയാണെങ്കിൽ നമ്മുടെ
സ്വാതന്ത്ര്യത്തിനതായ്ക്കൂടേ...
തെയ്തത്തത്തദ്ധില്ല.. തെയ്ത തെയ്ത ധിത
ധില്ലോം ധില്ലോം ധില്ലോം തൈ തൈ
പോരാട്ടത്തിനിറങ്ങുകയായി..
പോർവിളി കൂട്ടുകയായ് ഞങ്ങൾ..

പോരാട്ടത്തിനിറങ്ങുകയായി..
പോർവിളി കൂട്ടുകയായ് ഞങ്ങൾ..

**7**
**അതിർത്തികൾക്കപ്പുറം**
**(രചന : എം.എം സചീന്ദ്രൻ)**

ഹേ, ശത്രുരാജ്യത്തിന്റെ പടയാളീ
ഞങ്ങളുടെ സ്വപ്നത്തിലേയ്ക്കു
നുഴഞ്ഞുകയറുന്ന ഭീകരാ...!
നമ്മളിൽ,
ആരുടെയുന്നം പിഴയ്ക്കാതിരിക്കും?
ആരുടെ മക്കളനാഥരാകും?
വീരകഥയോർക്കുവാൻ
ആരുവീട്ടിൽ തിരിച്ചെത്തുമെന്നാർക്കറിയാം!
ജീവനോടെ തിരിച്ചെത്തുന്നുവെങ്കിൽ
പറയണേ, നീ നിന്റെ നാട്ടുകാരോട്
ശത്രുരാജ്യത്തിന്റെ പടയാളികൾ ഞങ്ങൾ
ശത്രുക്കളല്ലായിരുന്നുവെന്ന്!

പഞ്ചനദിയൊഴുകുന്ന നാടിന്റെ നന്മകൾ
ഞങ്ങളും പങ്കിട്ടിരുന്നുവെന്ന്..
ഒരു ബാങ്കട നൃത്തത്തിന്റെ ചടുലതാളത്തിൽ
മുശായിരരാവിന്റ സ്നേഹാരവത്തിൽ
കൊയത്തരിവാളിന്റെ വായ്ത്താരിയീണത്തിൽ
നമ്മുടെയതിർത്തിവര മാഞ്ഞുപോകും...
അതിരുമധികാരവും ഭരണവും മായ്ച്ചാൽ
നമുക്കൊരേ ചോര, കണ്ണീരും വിയർപ്പുമൊന്ന്...

പറയണേ നീയെന്റെ സോദരാ, ഞങ്ങളും
പട്ടിണിമാറ്റാൻ പൊരുതുവോരെന്ന്
ആനയും കുതിരയും തേരു, കാലാളും
ആരോ കളിക്കുന്ന ചതുരംഗമെന്ന്...
എരിയും വിശപ്പിന്റെ കണ്ണിലെത്തീയിൽ
ചോരുന്ന കൂരയുടെ നെഞ്ചിലെപ്പകയിൽ

പൊരുതിയുണരും മഹാസമരാഗ്നിജ്ജ്വാലയിൽ
അധികാരമെന്നും അതിർത്തി കാക്കുന്നു
അതിർത്തിയുടെ അപ്പുറത്തിപ്പുറത്താകിലും
പട്ടിണിക്കാർ നമ്മളെന്നുമൊരുപോലെ

അറിയുമോ കൂട്ടുകാരാ?
എന്റെ നാട്ടിലും യുദ്ധമിന്നാഘോഷമാണ്
ഒരു സീരിയൽ ദൃശ്യമാണ്...
പടവെട്ടിവീഴലൊരു മാമാങ്കമാണ്..
ശവഘോഷയാത്രകൾ
സ്പോൺസർ ചെയ്യാനുണ്ട് കമ്പനികൾ,
ക്യാമറക്കണ്ണുകൾ, പത്രവിശേഷപ്പതിപ്പുകൾ..
കോടികൾ നേടുന്ന കമ്പോളമാണ്,
ഭരണത്തിലേറാൻ മുളങ്കോണിയാണ്
എതിർപ്പുകളൊതുക്കുമഭിചാരങ്ങളാണിന്ന്
യുദ്ധവും, ദേശാഭിമാനവും..
അതിർത്തിയുടെ അപ്പുറത്തിപ്പുറത്താകിലും
അധികാരമെന്നുമൊരുപോലെ..

മുറിവേറ്റ പടയാളികൾ,
കൈയറ്റു കാലറ്റുമിഴയുന്നവർ
ഒരുവീരകഥയിലും വേഷമില്ലാത്തവർ
അതിർത്തിയുടെ അപ്പുറത്തിപ്പുറത്താകിലും
പടയാളികൾ നമ്മളെന്നുമൊരുപോലെ..
പറയണേ നീ, നിന്റെ നാട്ടുകാരോട്
ശത്രുരാജ്യത്തിന്റെ പടയാളികൾ ഞങ്ങൾ
ശത്രുക്കളല്ലായിരുന്നുവെന്ന്
പഞ്ചനദിയൊഴുകുന്ന നാടിന്റെ നന്മകൾ
ഞങ്ങളും പങ്കിട്ടിരുന്നുവെന്ന്...

**8**
## മരിച്ചവരെ അടക്കൽ

*(രണ്ട് പേർ കുഴി വെട്ടുന്നു. നാല് ഭടന്മാർ ചേർന്ന് ഒരു പട്ടാള ക്കാരന്റെ ശവം പട്ടാളച്ചിട്ടയിൽ മാർച്ച് ചെയ്ത് കൊണ്ടുവരുന്നു.*

*ശവം കുഴിയുടെ മുന്നിൽ കൊണ്ടുവയ്ക്കുന്നു. പട്ടാളക്കാർ മാർച്ച് ചെയ്ത് പിന്നിൽ നിരന്നു നിൽക്കുന്നു. ശവം കുഴിയിൽ ഇറക്കാൻ ക്യാപ്റ്റൻ ഓർഡർ കൊടുക്കുന്നു. ശവം എടുക്കുന്നതിനായി ഭടന്മാർ മുന്നോട്ടുവരുന്നു. പെട്ടെന്ന് ശവം സംസാരിക്കുന്നു)*

**ശവം:** അരുത്! *(ഭടന്മാർ ഭയന്ന് മാറുന്നു; ശവം എഴുന്നേറ്റുനിൽക്കുന്നു.)* എന്നെ കുഴിയിൽ ഇടരുത്...! ഈ ശവക്കുഴിയിൽ അളിഞ്ഞുതീരാൻ എനിക്കു മനസ്സില്ല. *(ഭടന്മാർ പരിഭ്രാന്തരായി പിന്നിലേയ്ക്കോടുന്നു.)* പോകരുത്... ഇവിടെ എന്നോടൊപ്പം നിൽക്കൂ. ഞാൻ മരിച്ചെങ്കിലും നിങ്ങളിൽനിന്നു വിഭിന്നനല്ല... നെഞ്ചിൽ ഒരീയക്കഷണം... ഒരു വെടിയുണ്ട തറച്ചൂ എന്ന വ്യത്യാസം മാത്രം.

**ക്യാപ്റ്റൻ:** പിടിക്ക് *(ഭടന്മാർ ഭയപ്പാടോടെ സമീപിച്ച് ശവത്തിന്റെ ഇരുകൈകളിലും പിടി മുറുക്കുന്നു. വല്ലാത്ത നാറ്റം അഭിനയിക്കുന്നു. ക്യാപ്റ്റൻ ഡോക്ടറെ വിളിക്കുന്നു.)* ഡോക്ടർ.... ഡോക്ടർ.... *(ഡോക്ടർ വന്ന് പരിശോധിക്കാൻ തുടങ്ങുന്നു. വല്ലാത്ത നാറ്റം. പോക്കറ്റിൽനിന്ന് മദ്യക്കുപ്പി എടുത്ത് തുറന്നു കുടിക്കുന്നു. വീണ്ടും പരിശോധിക്കുന്നു)*

**ഭടൻ 1:** ഹൊ! എന്തൊരു നാറ്റം...!

**ഭടൻ 2:** സഹിക്കാൻ വയ്യ...!

**ഭടൻ 3:** അഴുകിത്തുടങ്ങിയിരിക്കുന്നു..

**ഭടൻ 2:** നമ്മളും ഒരുദിവസം ഇതുപോലെ അഴുകും അല്ലേ?

**ഭടൻ 4:** നീ സെന്റി അടിക്കാതിരിക്ക്...ഡോക്ടറുടെ പരിശോധന കഴിയട്ടെ.. ഈ ശവം ഉടനെ അടക്കണം.

**ഡോക്ടർ:** *(പരിശോധനകൾക്ക് ശേഷം)* ഇയാൾ മരിച്ചിട്ട് 48 മണിക്കൂർ കഴിഞ്ഞിരിക്കുന്നു. വെടിയുണ്ട മർമ്മസ്ഥാനത്ത് തന്നെയാണ് തറച്ചത്. അപ്പോൾത്തന്നെ മരിച്ചുകാണും. ഹീ ഈസ് ക്ലിനിക്കലി ഡഡ്. *(പോകുന്നു)*

**ക്യാപ്റ്റൻ:** ശരി. സംശയം തീർന്നല്ലോ...ഇനി അമാന്തിക്കേണ്ടാ.. ഇവനെ കുഴിച്ചുമൂടൂ.

**ഭടന്മാർ:** *(ഒരുമിച്ച്)* പക്ഷേ, അവനിഷ്ടമില്ലെങ്കിൽ എങ്ങനെ കുഴിച്ചുമൂടും?

**ക്യാപ്റ്റൻ:** യൂ.. ഫൂൾസ്... സാവ്ധാൻ...*(ഭടന്മാർ അറ്റൻഷനാകുന്നു)*

**ക്യാപ്റ്റൻ:** *(ശവത്തിനോട്)* നിങ്ങൾ മരിച്ചതിൽ എനിക്കും പ്രസിഡണ്ടിനും എല്ലാ സൈനികവിഭാഗങ്ങൾക്കും അഗാധമായ ദുഃഖമുണ്ട്.

ദയവായി ഞാൻ പറയുന്നതനുസരിക്കൂ. നിങ്ങളെ സംസ്കരിക്കേണ്ടത് രാഷ്ട്രത്തിന്റെ ആവശ്യമാണ്. നിങ്ങൾ ഈ രാജ്യത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ.. പ്ലീസ്... പ്ലീസ്...അനുസരിക്കൂ... ഒരു പട്ടാളക്കാരന് ആദ്യം വേണ്ടത് അനുസരണമാണ് എന്ന് താങ്കൾക്കും അറിവുള്ളതല്ലേ? പ്ലീസ് അനുസരിക്കൂ...

**ഭടന്മാർ:** *(ഒരുമിച്ച്)* ഇങ്ങനെ പോരാ സാർ.... ശക്തിയായി ഓർഡർ ഇടണം.

**ക്യാപ്റ്റൻ:** *(ഉച്ചത്തിൽ)* യൂ..ഫൂൾസ്...! *(ശവത്തോട്)* ഡോക്ടറുടെ റിപ്പോർട്ട് നിങ്ങൾ നോക്കണം. ഔദ്യോഗികമായും ശാരീരികമായും നിങ്ങൾ മരിച്ചിരിക്കുന്നു. പോകൂ.. ശവക്കുഴിയിലേക്ക്.. ഇത് ജനറലിന്റെ കൽപ്പനയാണ്.

**ശവം:** ഞങ്ങൾക്കും ഒരു ജനറൽ ഉണ്ടായിരുന്നു. ഇപ്പോൾ ഞാൻ മരിച്ചുവെങ്കിൽ എനിക്കു പിന്നെ ജനറൽ ഇല്ല. നിങ്ങൾ നിങ്ങളുടെ ജനറലിനോടു ചോദിക്കൂ... 25-ാം വയസ്സിൽ അയാൾ മരിക്കാൻ ഇഷ്ടപ്പെടുമോ എന്ന്. ഏതൊരു മനുഷ്യനും ജീവിക്കാൻ ആരംഭിക്കുന്ന പ്രായം. ജീവിക്കാൻവേണ്ടിയുള്ള മോഹങ്ങൾ പൂവണിയുന്ന കാലം. ഒരു ചാൺ വയറിനുവേണ്ടി സ്വന്തം സഹോദരനെ കൊല്ലേണ്ടിവരിക...ഇല്ല ഞാൻ പോകില്ല. എനിക്കിവിടെ കഴിയണം. ഈ ഭൂമിയിൽ കഴിയണം. എനിക്കിവിടെ ജീവിച്ചു മതിയായിട്ടില്ല...

**ക്യാപ്റ്റൻ:** ചങ്ങാതീ... നിനക്കെന്തു സഹായമാണ് വേണ്ടത്? എല്ലാവിധ സൈനിക ബഹുമതികളോടും കൂടിയാണ് നിന്നെ സംസ്കരിക്കുന്നത്. നിന്റെ ആശ്രിതർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളെല്ലാം അനുവദിച്ചുകഴിഞ്ഞു. മരണാനന്തരബഹുമതിക്കും ശുപാർശചെയ്തിട്ടുണ്ട്. എല്ലാ ആഭ്യന്തരകലാപങ്ങളും അടിച്ചമർത്താനുള്ള പരിചയാണ് നിന്റെ വീരമൃത്യു... നീയായിട്ട് അത് നശിപ്പിക്കരുത്. അതുകൊണ്ട് ഇനിയെങ്കിലും...

**ശവം:** ഇല്ല. എന്തായാലും ഞാൻ പോകില്ല. എനിക്കിവിടെ കഴിയണം. ഈ ഭൂമിയിൽ ജീവിക്കണം.

**കടന്നുവരുന്ന പത്രറിപ്പോർട്ടർ:** ഒന്നാംതരം സ്റ്റോറി. ഈ നൂറ്റാണ്ടിലോ, കഴിഞ്ഞ നൂറ്റാണ്ടിലോ ഇങ്ങനെയൊരു വാർത്തയുണ്ടായിട്ടില്ല.. നെഞ്ചിൽ തറച്ച വെടിയുണ്ടയുമായി ശവങ്ങൾ കുഴിയിലിറങ്ങാതെ ചെറുത്തുനിൽക്കുന്നു. മുൻപേജിൽ 8 കോളം വാർത്ത. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ സെൻസേഷനൽ ന്യൂസ് ഇതുതന്നെ. തികച്ചും യുണീക്. നിസ്തുലം. ഇത് റിപ്പോർട്ടുചെയ്യാൻ ഭാഗ്യം ലഭിച്ചതോർക്കുമ്പോൾ കോരിത്തരിച്ചുപോകുന്നു. ഈ

വർഷത്തെ അവാർഡ് എനിക്കുതന്നെ...
**ക്യാപ്റ്റൻ:** തനിക്കെന്താണിവിടെ കാര്യം?
**റിപ്പോർട്ടർ:** ഞാൻ പത്രറിപ്പോർട്ടറാണ്. ഇത് യുദ്ധകാലമാണ്; വാർത്തയറിയാൻ ജനങ്ങൾ കാത്തിരിക്കുന്നുണ്ട്.
**ക്യാപ്റ്റൻ:** പക്ഷേ യുദ്ധവാർത്തകൾ ഞങ്ങൾ സെൻസർ ചെയ്യും.
**റിപ്പോർട്ടർ:** സെൻസറിംഗ് സാധ്യമല്ല. ഇനി ഒരിക്കലും അതു സാധ്യമാവുകയില്ല. കാര്യങ്ങൾ നിങ്ങളുടെ പിടിയിൽനിന്നു വിട്ടുപോയി എന്നാണ് എന്റെ പക്ഷം. കഴിഞ്ഞകാല യുദ്ധങ്ങളിലെല്ലാം മരിച്ചുവീണ എണ്ണിയാലൊടുങ്ങാത്ത പടയാളികൾ പലയിടങ്ങളിലും ഉയിർത്തെണീറ്റിരിക്കുകയാണ്. ശവക്കുഴികൾ പിളർന്ന് അവർ നടന്നടുക്കുന്നു. ഒരേയൊരാവശ്യവുമായാണ് അവർ വരുന്നത്. യുദ്ധം എന്ന ഈ ഏർപ്പാട് നിർത്തണം. യുദ്ധവും ആയുധക്കച്ചവടവും അവസാനിപ്പിക്കണം.... ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി.
*(കോറസ് ശവങ്ങളെപ്പോലെ അടിവച്ചടിവച്ച് രംഗത്തേക്ക്)*
**റിപ്പോർട്ടർ:** അതെ... ശവങ്ങൾ ഓരോരുത്തരായി മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. അവർ വിജയക്കൊടി നാട്ടാൻ പോവുകയാണെന്ന് തോന്നുന്നു. ഇതൊരു ഉഗ്രൻ വാർത്ത തന്നെ.
*(ശവങ്ങൾ നടന്നടുക്കുന്നു)*
**ശവങ്ങൾ:** യുദ്ധം നിർത്തണം. ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി... യുദ്ധം നിർത്തണം. ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി... യുദ്ധം നിർത്തണം. ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി...
**ക്യാപ്റ്റൻ:** യന്ത്രത്തോക്കുകൾ വരട്ടേ...! ഞാനിവറ്റയെ ഒരു പാഠം പഠിപ്പിക്കുന്നുണ്ട്. ഫയർ! നശിക്കട്ടെ... എല്ലാം നശിക്കട്ടെ..
**ശവങ്ങൾ:** *(ക്യാപ്റ്റനെ വളയുന്നു)* യുദ്ധം നിർത്തണം. ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി... യുദ്ധം നിർത്തണം. ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി... യുദ്ധം നിർത്തണം. ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി...ഈ ആയുധങ്ങൾ കുഴിവെട്ടി മൂടുക.. അതിന് മേലാകട്ടെ സംസ്കാരം...

പറയണേ, നീ നിന്റെ നാട്ടുകാരോട്
ശത്രുരാജ്യത്തിന്റെ പടയാളികൾ ഞങ്ങൾ
ശത്രുക്കളല്ലായിരുന്നുവെന്ന്!
പറയണേ നീയെന്റെ സോദരാ, ഞങ്ങളും
പട്ടിണിമാറ്റാൻ പൊരുതുവോരെന്ന്
ആനയും കുതിരയും തേരു, കാലാളും
ആരോ കളിക്കുന്ന ചതുരംഗമെന്ന്...

**9**

**അമ്മ തലസ്ഥാനമായ ഒരു ഇന്ത്യ**
**(രചന : എം.എം.സചീന്ദ്രൻ)**

*(പല കാലങ്ങളിൽനിന്നും ദേശങ്ങളിൽ നിന്നുമായി അമ്മദൈവങ്ങൾ അരങ്ങിൽ വന്ന് വച്ചുകെട്ടുകളും ദേവ രൂപങ്ങളും അഴിച്ചുകളഞ്ഞ് വെറും മനുഷ്യസ്ത്രീകളാകുന്നു...)*

ശിലയുടെ പുറംതോട് ഭേദിച്ചൊരുത്തി..
ലോഹത്തിളക്കം അഴിച്ചുവെച്ചൊരുവൾ..
മുടിയും കിരീടവുമുപേക്ഷിച്ച തെയ്യം
വെറും അമ്മയായ് വന്നു തുള്ളിയുറയുന്നു..
അല്ല, സർവംസഹയല്ല, പെൺപിറവികൾ...
അല്ലലുകൾ തീർക്കുവാൻ പൊരുതുന്ന വീര്യം...

തലയറ്റു പിടയുന്ന മകനെ മടിയിൽ ചേർത്തു
രാമന്റെ സഭയിലൊരു ചൂണ്ടുവിരലായവൾ..
ഏകലവ്യന്റെ പെരുവിരൽ ഛേദിച്ച
മുറിവിൽ, ഇലച്ചാർത്തു പിഴിയുന്ന സ്നേഹം..

നിറവയറുമായ് കാട്ടിലലയുന്ന സീത..
പണയപ്പെടുന്ന ചരക്കുപോൽ പാഞ്ചാലി...

ഒച്ചയുമനക്കവും വറ്റി മരവിച്ചവർ
ദൈവങ്ങളായ് പണ്ട് വിഗ്രഹപ്പെട്ടവർ.....

പല കാല,ദേശങ്ങളിൽ ചിതറിമാഞ്ഞവർ..
തിരികെക്കുതിച്ചു ചരിത്രത്തിലെത്തുന്നു...

*(പുതിയ കാലത്തെ അമ്മമാരുടെ സമരം. രോഹിത് വെമൂല യുടെ അമ്മ രാഷിക ഉനയിൽ ദേശീയപതാക ഉയർത്തുന്നു... ദളിതരുടെ സമരം.. മൂന്നാറിലെ തോട്ടം മേഖലയിലും ഒറീസ്സ യിലും ജാർഖണ്ഡിലും സമരം നയിക്കുന്ന സ്ത്രീകൾ...)*

മക്കളെയോർത്തു കരഞ്ഞുവിളിക്കും
മാതൃത്വത്തിൻ കഥയല്ല.
നമുക്കു പാടാനുള്ളതു മക്കളെ
നേടാൻ പൊരുതും വീരകഥ.

മകനെക്കൊന്നവരോടു കൊടുംപക
യാളിക്കത്തും മിഴികളുമായ്.
സ്വാതന്ത്ര്യത്തിൻ സമരപതാകയു-
മേന്തി ഒരമ്മ നിവർന്നപ്പോൾ.
ഉനയിൽ ഇന്ത്യയൊരൊറ്റമനസ്സായ്
അവളോടൊപ്പം നിവരുന്നു.
ഏഴുപതിറ്റാണ്ടിന്റെ കിനാവുകൾ
ഒറ്റക്കുലയിൽ വിരിയുന്നു.

ഇതുവരെ സമരചരിത്രങ്ങളിലട-
യാളപ്പെട്ടിട്ടില്ലാത്തോർ
ഇരുളടരുകളിൽ, മഹാചരിതങ്ങൾ
വകഞ്ഞുമാറ്റിയ ജന്മങ്ങൾ.
ദളിതർ, സ്ത്രീകൾ, ഗോത്രജനങ്ങ,-
ളധഃസ്ഥിതരെന്നു വിളിപ്പെട്ടോർ
അവരുനയിക്കുകയാണൊരു പുത്തൻ
സ്വാതന്ത്ര്യത്തിൻ പോരാട്ടം..
അവരുടെ രാജ്യത്തിന്റെയതിർത്തിയിൽ
സ്നേഹം, നന്മയുമടയാളം..
അവരുടെ ഇന്ത്യയിൽ വൈവിധ്യത്തിൻ
നിറവുകൾ അമ്മ തലസ്ഥാനം
അമ്മ തലസ്ഥാനം
അവിടെ നവോത്ഥാനത്തിൻ സൂര്യൻ
പുതിയ പ്രതീക്ഷകളാകേണം
അവിടെ മനുഷ്യർ സഹഭാവനയുടെ
തീരം കണ്ടു തുടുക്കേണം.